# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടന്ന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 10/779/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/11/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടന്ന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടന്ന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടന്ന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 10/779/2023 തീയ്യതി: 09/11/2023

# കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 17-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-10-2023 | 17-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ
തോമസ്.കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
സുധീഷ്.എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.പി.വി മുഹമ്മദ് അസ്ലം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.നിർമ്മല.പി.വി | സെക്രട്ടറി | 01-04-2022 | 31-05-2022 |
| അജയൻ.എൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 31-08-2022 |
| ലതിക ചന്ദ്രൻ | സെക്രട്ടറി | 01-09-2022 | 28-09-2022 |
| അജയൻ.എൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2022 | 16-10-2022 |
| രാജൻ.പി.പി | സെക്രട്ടറി | 17-10-2022 | 25-10-2022 |
| അജയൻ.എൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 08-11-2022 |
| രാജൻ.പി.പി | സെക്രട്ടറി | 09-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രദീപൻ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 03-05-2022 |
| അജയൻ.എൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 04-05-2022 | 31-03-2023 |
| അനിത.കെ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2022 | 31-03-2023 |
| അംബുജാക്ഷൻ.ടി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീവിദ്യ നമ്പ്യാർ.കെ | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| രാജേഷ് .പി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഉദിനൂർ സർക്കിൾ) | 01-04-2022 | 09-11-2022 |
| സുനിൽ കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഉദിനൂർ സർക്കിൾ) | 10-11-2022 | 31-03-2023 |
| സഞ്ജയ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പടന്ന സർക്കിൾ) | 01-04-2022 | 31-03-2023 |
| രേവതി.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| രാമചന്ദ്രൻ നായർ.കെ.വി | പ്രധാനധ്യാപകൻ | 01-04-2022 | 31-03-2023 |
| ഡോ.ശോഭ.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഒഴിവ് | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-10-2022 |
| പി.കെ.വേണുഗോപാലൻ | ഫിഷറീസ് ഓഫീസർ | 01-11-2022 | 31-03-2023 |
| ഡോ.നിഷ കെ.വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.അമ്പിളി ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 31-03-2023 |
| വേണുഗോപാലൻ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-01-2023 |

| | | | |
|---|---|---|---|
| ജിതിൻ .ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-01-2023 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ് | 1-1-2 |
| 4 | Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-3 |
| 5 | ലൈഫ് ഭവന പദ്ധതി വായ്പാ കണക്കിൽ കൃത്യതയില്ല. | 1-1-4 |
| 6 | സാക്ഷരതാ ഫണ്ട് ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ദുരിതാശ്വാസ നിധി അക്കൗണ്ടിലെ അപാകത | 1-1-6 |
| 8 | എ.സി.ആർ - വാർഷിക ധനകാര്യ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-8 |
| 10 | സ്ഥിരനിക്ഷേപം- നിക്ഷേപ രസീത് പ്രകാരമുള്ള തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | വാർഷിക ധനകാര്യപത്രികയിലെ മറ്റ് പ്രധാന അപാകതകൾ | 1-1-10 |
| 12 | തൻ വർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-1-11 |
| 13 | ചെലവ് അനുവാദം ലഭ്യമാക്കി ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനു മുൻപേ ബാങ്കിൽ നിന്നും പണം പിൻവലിക്കുന്നു. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം. | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-10 |
| 23 | റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ അപാകത | 1-11 |
| 24 | കെട്ടിട നിർമ്മാണം- റഗുലറൈസേഷൻ അപേക്ഷ തീർപ്പാകാതെ നിലനില്ക്കുന്നു. | 1-12 |
| 25 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല. | 1-13 |

| | | |
|---|---|---|
| 26 | ചെലവ് അനുവാദം ലഭ്യമാക്കി ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനു മുൻപേ ബാങ്കിൽ നിന്നും പണം പിൻവലിക്കുന്നു. | 1-14 |
| 27 | പടന്ന ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മുകളിൽ ജെന്റർ റിസോഴ്സ് സെന്റർ നിർമ്മിക്കുന്ന പ്രവൃത്തി-കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ല. | 1-15 |
| 28 | ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത് അംഗീകാരം വാങ്ങിയിട്ടില്ല. | 1-16 |
| 29 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ- അക്രഡിറ്റഡ് ഏജൻസിക്ക് നൽകിയ മുൻകൂർ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. | 1-17 |
| 30 | ഓണം അഡ്വാൻസ് തുക തിരികെ ഒടുക്കിയിട്ടില്ല. | 1-18 |
| 31 | കുടിവെള്ള വിതരണ പദ്ധതി - അപാകതകൾ | 1-19 |
| 32 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി -അപാകതകൾ | 1-20 |
| 33 | തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല - അപാകതകൾ | 1-21 |
| 34 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് 5 കെ.വി യു.പി.എസ് വാങ്ങൽ -നടപടിക്രമങ്ങൾ- അപാകത | 1-22 |
| 35 | GUPS പടന്ന കെട്ടിടം വാടക നൽകിയത്- വാടക നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 36 | താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിന് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-24 |
| 37 | ഹാർഡ് വെയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-25 |
| 38 | വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-26 |
| 39 | ലൈഫ് ഭവന പദ്ധതി- ഭിത്തി നിർമ്മാണം വരെ മാത്രം പൂർത്തീകരിച്ച ഗുണഭോക്താവിന് 99% തുകയും നൽകി | 1-27 |
| 40 | ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ഈടാക്കിയില്ല – ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 79,498/- രൂപ അധിക ചെലവ്. | 1-28 |
| 41 | കലക്ടേഴ്സ് അറ്റ് സ്കൂൾ - ബിന്നുകൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 42 | ഹരിത കർമ്മസേനക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട്- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 43 | മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതി- ക്വട്ടേഷൻ നടപടികൾ ക്രമ പ്രകാരമല്ല. | 1-31 |
| 44 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-32 |
| 45 | കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് മെയിന്റനൻസ് ചെലവ് - ചികിത്സയുടെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-33 |
| 46 | സ്കൂൾ വിദ്യാർത്ഥികൾക്ക് ആടുവളർത്തൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-34 |

| | | |
|---|---|---|
| 47 | ഹോമിയോ ഡിസ്പെൻസറി -മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-35 |
| 48 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല. | 1-36 |
| | ഭാഗം **2** | |
| 1 | റോഡ് റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത. | 2-1 |
| | ഭാഗം **3** | |
| 1 | സ്കൂൾ വിദ്യാർത്ഥികൾക്ക് ആട്ടുവളർത്തൽ- രേഖകൾ അപൂർണ്ണം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല-പദ്ധതി നടത്തിപ്പിൽ അപാകത | 3-1 |
| 2 | ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല-ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 79,498/- രൂപ അധികച്ചെലവ് | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.2023 ലെ കമ്മിറ്റി തീരുമാനം 1/01/23 പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പടന്ന ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
09.11.2023.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക്

2022-23 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം Excess Of Income Over Expenditure 34,07,748 രൂപയാണ്. എന്നാൽ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ ഫണ്ടിലേക്ക് ക്യാരി ഓവർ ചെയ്ത തുക 53,01,795 രൂപയാണ്. ഈ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-4 ലൈഫ് ഭവന പദ്ധതി വായ്പാ കണക്കിൽ കൃത്യതയില്ല.

ലൈഫ് ഭവന പദ്ധതി വായ്പാ, സംസ്ഥാന വിഹിതം എന്നിവയുടെ കൃത്യമായ വരവ് ചെലവ് കണക്ക് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലൈഫ് ഭവന പദ്ധതി വായ്പാ തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ബാധ്യതയിലും (B-5- 330500201 Secured Loans - Loan From KURDFC) അസറ്റിലും (B-16 - 440500101- Prepaid Programme Expenses)വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിനുള്ള കാരണം വ്യക്തമല്ല. കൂടാതെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 31.03.2022 ൽ വായ്പാ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക 99,51,018/- രൂപയാണെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ 2019-20 വർഷം മുതൽ വായ്പാതുക അക്കൗണ്ട് ചെയ്യുന്നതിൽ അപാകതയുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

2019-20 വർഷത്തെ വാർഷിക കണക്കിൽ 13.6.2019-ന് ലഭിച്ച 9,00,000 രൂപയും , 19.7.2019-ന് ലഭിച്ച 1,00,000 രൂപയും, 14.11.2019-ന് ലഭിച്ച 2,00,000 രൂപയും സംസ്ഥാന വിഹിതം ലഭിച്ച തുകയായിട്ടാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നാൽ യഥാർത്ഥത്തിൽ ഈ തുക ലോൺ ഇനത്തിൽ ലഭിച്ച തുകയാണ്. കൂടാതെ 2020-21 വർഷം 10.6.2020-ന് ലഭിച്ച 1,00,000 രൂപയും, 3,00,000 രൂപയും ലോൺ ലഭിച്ച തുകയായിട്ടാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നാൽ യഥാർത്ഥത്തിൽ ഈ തുക സംസ്ഥാന വിഹിതം ഇനത്തിൽ ലഭിച്ച തുകയാണ്. കൂടാതെ 2021-22 വർഷം ലോൺ ഇനത്തിൽ 4.3.2022-ന് ലഭിച്ച 2,35,000 രൂപ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുമില്ല. വായ്പാ രജിസ്റ്ററിലെ കണക്ക് പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു,

| വർഷം | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻ വർഷം ലഭിച്ച വായ്പ തുക | ആകെ | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക. |
|---|---|---|---|---|---|
| 2018-19 | 0 | 62,71,018 | 62,71,018 | 0 | 62,71,018 |
| 2019-20 | 62,71,018 | 14,80,000 | 77,51,018 | 5,73,530 | 71,77,488 |
| 2020-21 | 71,77,488 | 23,80,000 | 95,57,488 | 6,87,803 | 88,69,685 |
| 2021-22 | 88,69,685 | 10,95,000 | 99,64,685 | 13,78,667 | 85,86,018 |
| 2022-23 | 85,86,018 | 19,65,157 | 1,05,51,175 | 22,33,124 | 83,18,051 |

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ വായ്പാ രജിസ്റ്ററിലെ കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികയിലെ അപാകത പരിഹരിക്കുന്നതിനു വേണ്ടി ലൈഫ് മിഷൻ അധികൃതരെ രേഖാമൂലം ബന്ധപ്പെട്ട് നാളിതുവരെ ലൈഫ് ഭവന പദ്ധതി വായ്പാ, സംസ്ഥാന വിഹിതം എന്നീയിനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കി, ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ഭരണ സമിതി അംഗീകാരത്തോടെ വരുത്തേണ്ടതാണ്.

1-1-5 സാക്ഷരതാ ഫണ്ട് ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഷെഡ്യൂൾ B-17 പ്രകാരം പടന്ന SCB-യിലെ സാക്ഷരതാ ബാങ്ക് (PSCB സാക്ഷരത-7174) അക്കൗണ്ടിൽ 92,027

രൂപ (Code-450210102) ബാലൻസ് ഉണ്ട്. പ്രത്യേക ഉദ്ദേശ്യത്തിനുള്ള ഫണ്ട് ആയിരുന്നിട്ടും ആയത് ബാധ്യതയിൽ (ഷെഡ്യൂൾ B-4 ) കാണിച്ചിട്ടില്ല. ഈ അപാകതക്ക് കാരണം വ്യക്തമല്ല.

### 1-1-6 ദുരിതാശ്വാസ നിധി അക്കൗണ്ടിലെ അപാകത

ബാലൻസ് ഷീറ്റ് B-2 Special Fund/Sinking Fund (311100101)- ഹെഡിൽ ദുരിതാശ്വാസനിധി ഫണ്ടിനത്തിൽ 60,744 രൂപയുടെ ബാധ്യത അക്കൗണ്ട് ചെയ്തിട്ടുണ്ട്, എന്നാൽ ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ടിൽ (450610102- KGB-Relief Fund-40414100004534) 48,244 രൂപ മാത്രമാണ് ബാലൻസുള്ളത്. 12,500 രൂപയുടെ കുറവുണ്ട്, ആയതിനു കാരണം ദുരിതാശ്വാസ നിധി ഇനത്തിൽ വരവ് വന്ന 12,500 രൂപ ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടുന്നതിനു പകരം തനത് ഫണ്ടിൽ നിക്ഷേപിച്ചതുകൊണ്ടാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

### 1-1-7 എ.സി.ആർ - വാർഷിക ധനകാര്യ പത്രിക പൊരുത്തപ്പെടുന്നില്ല

2022-23 വർഷത്തെ എ.സി.ആർ പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | വാർഷികധനകാര്യ പത്രിക പ്രകാരം ചെലവ്. (സ്രോതസ്സിൽ നിന്നും ഈടാക്കിയ തുക കൂടാതെ) | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 1,18,59,298 | 1,14,15,688 | 4,43,610 |

### 1-1-8 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26,07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-9 സ്ഥിരനിക്ഷേപം- നിക്ഷേപ രസീത് പ്രകാരമുള്ള തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യപത്രിക ബി-12 ഷെഡ്യൂൾ പ്രകാരം 31/03/2023 ലെ സ്ഥിരനിക്ഷേപ തുക 37,61,580/- രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ നിക്ഷേപ രസീറ്റ് പ്രകാരം 40,15,488രൂപയാണ് ഗ്രാമപഞ്ചായത്തിന് നിക്ഷേപമുള്ളത്. 2,53,908/- രൂപയുടെ വ്യത്യാസമുണ്ട്, പടന്ന എസ്.സി.ബിയിലെ നിക്ഷേപത്തിന് 2,53,908/- രൂപ 2022-23 സാമ്പത്തിക വർഷം പലിശയിനത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-10 വാർഷിക ധനകാര്യപത്രികയിലെ മറ്റ് പ്രധാന അപാകതകൾ

1). 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കാതെ ഓഡിറ്റ് വർഷവും തുടരുന്നു @ ഖണ്ഡിക നം 1-2-2, 1-2-3, 1-2-4, 1-2-6, 1-2-7.

2). ലൈബ്രറി സെസ്സ് ഇനത്തിൽ 2021-22 വർഷം അധികമായി അടവാക്കിയ 1,73,218 രൂപ Other Adavance എന്ന ഹെഡിലാണ് JV No.42100118/ തീ.22.3.2022 പ്രകാരം അക്കൗണ്ട് ചെയ്യപ്പെട്ടിരുന്നത്. ഈ തുക ഓഡിറ്റ് വർഷം Adavance-ൽ നിന്ന് കുറവ് വരുത്തിയിട്ടില്ല.

3). I-14-C Decentralised Plan Programme- Projects Not Included In Sector Division- 253100101- Total

Proverty Alleviation എന്ന ഹെഡിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

4). I-14(F) Other Revenue Grants And Funds- Revenue Expenses എന്ന ഹെഡിൽ MGNREGA-അഡ്മിൻ ചെലവ് 18,96,942 രൂപ രണ്ട് പ്രാവശ്യം അക്കൗണ്ട് ചെയതിട്ടുണ്ട്.

5). Festival Advance- 460100101 എന്ന ഹെഡിൽ 12,000 രൂപ കാണിക്കുന്നു. എന്നാൽ ഈ തുക 350200115- Recovery Payable- Dues To 0ther Goverment Institutions- എന്ന ഹെഡിൽ ഉൾപ്പെടുത്തേണ്ട തുകയായിരുന്നു. ആയത് ഹെഡ് മാറി Advance ഹെഡിൽ അക്കൗണ്ട് ചെയ്യപ്പെട്ടതാണ്.

6). ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 1,10,80,000/-രൂപയാണ് യഥാർത്ഥ വരവ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 1,10,82,810/-രൂപയാണ് വരവുള്ളത്. 2,810/-രൂപയുടെ വ്യത്യാസം. 10.8.2022-ന് (രസീറ്റ് നം 1220000157) ഹരിതമിത്രം പദ്ധതിക്കുവേണ്ടി പദ്ധതിയുടെ ജില്ലാ കോർഡിനേറ്ററിൽ നിന്ന് ലഭിച്ച തുകയാണ്. ഈ തുക തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടതാണ്.

7). ഓഡിറ്റ് വർഷം പാർട്ട് ബിൽ ആയി നൽകിയ തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(b)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 തൻ വർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

ചുവടെ ചേർത്ത ഹെഡുകളിൽ തൻ വർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയതിന്റെ വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

312100182- Capital Contribution--Total Sanitation Scheme, Rs.18,70,982.

312100201- Capital Contribution--Development Fund - General - Capital, Rs.2,00,000.

312100202- Capital Contribution--Development Fund - Special Component Plan – Capital, Rs.2,49,926.

312100204- Capital Contribution--Development Fund - Central Finance Commission Grant -Basic Tax Grant, Rs.20,35,581.

312100211- Capital Contribution--Development Fund - Central Finance Commission Grant –Tied Fund, Rs.2,43,270.

312100301 Capital Contribution--Maintenance Grant - Road, Rs.62,72,845

312100302 Capital Contribution--Maintenance Grant - Non-Road, Rs.4,23,334

1-1-12 ചെലവ് അനുവാദം ലഭ്യമാക്കി ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനു മുൻപേ ബാങ്കിൽ നിന്നും പണം പിൻവലിക്കുന്നു.

ചെലവ് അധികൃതമാക്കി ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനു മുൻപേ ചെക്ക് മുഖേന ബാങ്കിൽ നിന്നും പണം പിൻവലിക്കുന്നു. ഇത്തരത്തിൽ തനത് ഫണ്ടുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തുന്ന അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുമായി ബന്ധപ്പെട്ട പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക നം 1(14) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം.1/1<br>തിയതി 31.03.2022 | നം.1/1<br>തിയതി 24.02.2023 |
| മുന്നിരിപ്പ് | 923848 | 2875265 |
| വരവ് | 193023000 | 132547094 |
| ആകെ | 193946848 | 135422359 |
| ചെലവ് | 192422000 | 129865970 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 1524848 | 5556389 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 2,36,87,488/- |
| വരവ് | 4,78,76,812/- |
| ആകെ | 7,15,64,300/- |
| ചെലവ് | 5,43,54,767/- |
| നീക്കിയിരിപ്പ് | 1,72,09,533/- |
| വരവിനങ്ങളിലുള്ള നഷ്ടം | 1,27,162/- |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,59,498/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,43,891 /- |

(കുറിപ്പ് : വികസനഫണ്ട്(ജനറൽ, എസ്.സി.പി, ടി.എസ്.പി), സംരക്ഷണഗ്രാന്റ് (റോഡ് നോൺ റോഡ്), ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ട്രഷറി) , സംയുക്ത പദ്ധതി ഫണ്ട്, തൊഴിലുറപ്പ് പദ്ധതി വേതനം,ക്ഷേമ പെൻഷൻ തുടങ്ങിയ ഇനങ്ങളുടെ വരവ് ചെലവ് വിവരങ്ങൾ രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല).

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,39,49,000 | 1,39,49,000 | 1,34,58,766 | 4,90,234 |
| വികസനഫണ്ട് എസ്.സി.പി. | 0 | 47,78,000 | 47,78,000 | 47,78,000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 73,89,000 | 73,89,000 | 63,13,766 | 10,75,234 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 45,63,000 | 45,63,000 | 34,63,982 | 10,99,018 |
| സി.എഫ്.സി -Tied (ട്രഷറി) | 0 | 19,90,586 | 19,90,586 | 4,50,000 | 15,40,586 |
| സി.എഫ്.സി-Tied(ബാങ്ക്) | 11,67,258 | 36,38,000 | 48,05,258 | 38,46,679 | 9,58,579 |
| സി.എഫ്.സി- Untied (ട്രഷറി) | 0 | 3,74,464 | 3,74,464 | 3,74,199 | 265 |
| സി.എഫ്.സി- Untied (ബാങ്ക്) | 60,333 | 25,28,210 | 25,88,543 | 25,76,623 | 11,920 |
| ബി ഫണ്ട് | | | | | |
| വിവാഹധനസഹായം | 0 | 1,80,000 | 1,80,000 | 1,80,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ജില്ലാ പഞ്ചായത്ത് | 11,18,278 | 3,80,984 | 14,99,262 | 9,24,775 | 5,74,487 |
| ബ്ലോക്ക് പഞ്ചായത്ത് | 3,73,745 | 17,07,124 | 20,80,869 | 19,43,369 | 1,37,500 |
| കേന്ദ്രാവിഷ്കൃത & സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| പൈക്ക | 1,47,490 | 5,899 | 1,53,389 | 0 | 1,53,389 |
| ജലനിധി -I | 12,96,078 | 37,335 | 13,33,413 | 0 | 13,33,413 |
| ജലനിധി-II | 0 | 11,04,761 | 11,04,761 | 6,38,342 | 4,66,419 |
| ലൈബ്രറി ഗ്രാന്റ് | 13,980 | 15,580 | 29,560 | 0 | 29,560 |
| സാക്ഷരത | 88,488 | 3,539 | 92,027 | 0 | 92,027 |
| വിമുക്തി | 54,400 | 0 | 54,400 | 0 | 54,400 |
| ദുരിതാശ്വാസനിധി | 17,734 | 43,010 | 60,744 | 0 | 60,744 |
| ശുചിത്വ മിഷൻ | 34,79,207 | 0 | 34,79,207 | 22,45,982 | 12,33,225 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് I | 0 | 4,50,000 | 4,50,000 | 2,00,000 | 2,50,000 |
| ഹെൽത്ത് ഗ്രാന്റ് II | 0 | 2,39,486 | 2,39,486 | 1,40,687 | 98,799 |
| ഹെൽത്ത് ഗ്രാന്റ് III | 0 | 1,11,570 | 1,11,570 | 67,123 | 44,447 |
| ICDS കേന്ദ്ര വിഹിതം | 19,49,490 | 8,09,250 | 27,58,740 | 9,99,592 | 17,59,148 |

കുറിപ്പ് :

1).വികസന ഫണ്ട് ജനറൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 11,14,278 രൂപ, അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 9,28,800 രൂപ, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ട് എസ്.സി.പിയുടെ സ്രോതസ്സിൽ നിന്നും ഈടാക്കിയ 11,18,846 രൂപയും മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2).തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2022-23വർഷം 5,34,07,917 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

3).വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2022-23 വർഷം 3,39,51,400 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ(DBT)ചെയ്തിട്ടുണ്ട്.(ഇൻകം&എക്സ്പെൻഡിച്ചർ- ഷെഡ്യൂൾ I-6)

4).ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡിൽ ബജറ്റ് അലോട്ട്മെന്റിൽ 23.06.22 ലെ സ.ഉ (സാധാ) നം 4585/2022/ധന നമ്പർ ഉത്തരവ് പ്രകാരം മുൻവർഷം ലാപ്സായ 23,65,050 രൂപ അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

5).ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 1,10,80,000/- രൂപ വരവുണ്ട് .

6).ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 114309680 | 138 | 51849402 | - | 54 | 71.87 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 32 | 9646448 | 20 | 6876707 | 71.28 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 1989300 | 6 | 1252394 | 62.95 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 71 | 29453570 | 44 | 16179089 | 54.93 |
| 4 | കൃഷി ഓഫീസർ | 7 | 2041646 | 7 | 1985936 | 97.27 |

| | | | | | | |
|---|---|---|---|---|---|---|
| 5 | വെറ്റിനറി സർജ്ജൻ | 10 | 3707150 | 9 | 1980115 | 53.41 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 25 | 53940676 | 20 | 12023329 | 22.28 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 4841614 | 7 | 3719671 | 76.82 |
| 8 | പ്രധാനധ്യാപകൻ | 10 | 1861450 | 6 | 1219810 | 65.53 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 700000 | 3 | 700000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 13 | 4082826 | 13 | 3867351 | 94.72 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 350000 | 1 | 350000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1050000 | 1 | 1050000 | 100 |
| 13 | ഫിഷറീസ് ഓഫീസർ | 1 | 645000 | 1 | 645000 | 100 |
| | ആകെ | 192 | 114309680 | 138 | 51849402 | 45.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1896942 | 1896942 | 1896942 | 0 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 53407917 | 53407917 | 53407917 | 0 |
| ആകെ | 0 | 55304859 | 55304859 | 55304859 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 5006 പദ്ധതികളുൾപ്പെടുന്ന 106.35 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 197പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 134518 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 753 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4311600 | 403 |
| വിധവാപെൻഷൻ | 12011800 | 1211 |
| വാർദ്ധക്യകാലപെൻഷൻ | 13615600 | 1440 |
| വികലാംഗപെൻഷൻ | 3887200 | 358 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 125200 | 13 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2023 തീയ്യതിയിൽ 2.25 P.M. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 33,584/- രൂപയുടെ കൃത്യത പരിശോധനയിൽ

ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇരു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.

3) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 07/10/2022, 28/12/2022, 28/02/2023, എന്നീ തിയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. സമിതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. പർച്ചേസ്, സ്റ്റോക്ക് എടുക്കൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ എന്നിവയിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊക്യൂർമെന്റ് പ്ലാൻ നേരത്തെ തയ്യാറാക്കി ആയത് പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, എല്ലാ വാങ്ങൽ നടപടികൾക്കും സമിതി അംഗീകാരം ഉറപ്പ് വരുത്തേണ്ടതുമാണ്.

4) ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും , കെ.എസ്.ഇ.ബിയിൽ നിന്നും ബന്ധപ്പെട്ട വാർഡ് പ്രതിനിധികളിൽ നിന്നുമുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൊതുവായി വാങ്ങുന്ന ഉപകരണങ്ങളുടേയും സാധനങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ സമയബന്ധിതമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്നാണ് 2022-23 വർഷം പദ്ധതി പ്രകാരം വാങ്ങിയ വിവിധ ഉപകരണങ്ങളുടെ വിവരങ്ങൾ പൊതു സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത്

6) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

7) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 19 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനോടൊപ്പം യോഗ തീരുമാനങ്ങൾ നടപ്പിലാക്കുവാനും ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

8) അക്കൗണ്ടിംഗ് രേഖകളുടെ സൂക്ഷിപ്പ് :

രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

## 1-10 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ടാക്സ് ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. നികുതിയിനത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയും ഫീസ് ഇനത്തിൽ സംരംഭകലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് എന്നിവയുമാണ് പ്രധാന തനത് വരുമാന സ്രോതസ്സുകൾ. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്.

കെട്ടിടങ്ങൾ സംബന്ധിച്ച വിവരം

ഗ്രാമപഞ്ചായത്തിൽ നിന്ന് സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ തരം | എണ്ണം |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളവ | 7,321 |
| വാണിജ്യ-വ്യവസായിക കെട്ടിടങ്ങൾ | 2,337 |
| വിദ്യാഭ്യാഭ്യാസ ആവശ്യം | 30 |
| ആശുപത്രികൾ | 16 |
| അസംബ്ലി കെട്ടിടം | 3 |
| നികുതി ഒഴിവാക്കപ്പെട്ടവ | 509 |
| ടെലിഫോൺ ടവർ | 7 |
| ആരാധനാലയം | 113 |
| ഓഫീസ് | 70 |
| ആകെ | 10,406 |

നികുതി വരുമാനം

1-വസ്തു നികുതി

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ ഇനങ്ങളിൽ വസ്തു നികുതി ഡിമാന്റ് 44,85,672/- രൂപയാണ്.

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പ്രതീക്ഷിത വരവ്

50,00,000/- രൂപയായിരുന്നു. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈയിനത്തിലെ വരവ് 44,62,078/- രൂപയാണ്. ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 5,37,922/- രൂപ വസ്തു നികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്.

2023 – 24 ലെ നികുതി പരിഷ്കരണം

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.08.2023ലെ 4(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ JC1-2800/2023തി-14.08.2023 നമ്പരായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ 4.10.2023 മുതൽ പുതുക്കിയ നിരക്കിലാണ് വസ്തു നികുതി ചുമത്തുന്നത്. 1.4.2023 മുതൽ 3.10.2023 വരെ പുതിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം ഓഡിറ്റ് തീയതി വരെ നടപ്പിലായിട്ടില്ല.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

പടന്ന ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

ഫീൽഡ്തല പരിശോധനകൾ

15.7.2022ൽ ചേർന്ന ഓഫീസ് യോഗ തീരുമാനം നം 6 പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം നിലവിലെ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയവയുടെയും നികുതി നിർണ്ണയം നടത്താത്ത പുതിയ കെട്ടിടങ്ങളുടെയും പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം പുതുക്കിയ വസ്തുനികുതി നിരക്കിലേക്ക് കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുന്നതിനും ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടികൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വസ്തുനികുതി പുനർ നിർണ്ണയിച്ചത് വിജ്ഞാപനം ചെയ്തതല്ലാതെ തുടർനടപടികളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല

നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിച്ച കെട്ടിടങ്ങൾ രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ്

ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

2.തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന വേളയിൽ രണ്ടോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്നതായിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ നികുതി റിട്ടേൺ ആവശ്യപ്പെടുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. കച്ചവടക്കാരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കി വരുന്നത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്ന എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. പടന്ന ഗ്രാമപഞ്ചായത്തിൽ പല വാർഡുകളിലും അനധികൃത നിർമ്മാണങ്ങൾ നടത്തിവരുന്നുണ്ടെന്ന പരാതിയെ തുടർന്ന് 15.7.2022ൽ ചേർന്ന ഓഫീസ് യോഗ തീരുമാനം നം 6 പ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വിവരങ്ങൾ രേഖപ്പെടുത്തിയത് അപൂർണ്ണമാണ്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1.എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2.തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

4. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

3.നികുതിയേതര വരവുകൾ

1.സംരംഭക ലൈസൻസ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണയ സോഫ്റ്റ് വെയറായ സഞ്ചയ പരിശോധിച്ചപ്പോൾ വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നല്കിയിട്ടുള്ള 2337 (ഓഡിറ്റ് തിയ്യതി പ്രകാരം) ഡിമാന്റുകൾ

ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്നിരിക്കെ 558 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്.

2.ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ

ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് ഇനത്തിൽ ഓഡിറ്റ് വർഷം 214 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയതിൽ 72 അപേക്ഷകൾ റെഗുലറൈസേഷനുള്ളതാണ്. റെഗുലറൈസേഷൻ ഫയലുകളിൽ അപാകതയുള്ളവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235w പ്രകാരം യു.എ നമ്പർ നൽകി അനധികൃത നിർമ്മാണത്തിന് ബാധകമായ നിലയിൽ അധിക നികുതി ഈടാക്കിയിട്ടില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തുന്നതിനായി യു.എ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അനധികൃത നിർമ്മാണം സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ 1.4.2023 മുതൽ 3.10.2023 വരെ പുതിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-11 റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ ജിയോ ഫൈബർ ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനം പടന്ന ഗ്രാമപഞ്ചായത്തിലെ കൈപ്പാട് റോഡിൽ 200 മീറ്റർ ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ് ചെയ്യുന്നതിന് 19.12.2022 ൽ ROW/1054705/61755നമ്പറായി അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥാപനം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 100 മീറ്റർ ദൂരത്തിൽ Berm Cutting നടത്തുന്നതിനും 100 മീറ്റർ ദൂരത്തിൽ 20mm Chipping Carpet കട്ടിങ് ചെയ്യുന്നതിനുമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. റോഡുകളുടെ റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കുമ്പോൾ Chipping Carpet കട്ടിങ് ചെയ്യുന്നതിന് മിനിമം വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും PWD ചീഫ് എഞ്ചിനീയർ(റോഡ്സ് ) 30.3.2019 ലെ NO:CE/R&B/GL-RC/2/2019, 24.9.2020 ലെ NO:CE/R&B/GL-RC/3/2018 നമ്പർ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. Chipping Carpet കട്ട് ചെയ്യുന്നതിനുള്ള ഫീസ് കണക്കാക്കുന്നതിന് എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ. വീതി ട്രഞ്ച് കീറുന്നതിന്റെ മിനിമം ഒരു മീറ്ററായി കണക്കാക്കണമെന്ന നിബന്ധന പാലിക്കാതെ 0.60 മീറ്റർ വീതിയാണ് വിസ്തീർണം കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് 1,27,162 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ പരാമർശം ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

1-12 കെട്ടിട നിർമ്മാണം- റഗുലറൈസേഷൻ അപേക്ഷ തീർപ്പാകാതെ നിലനില്ക്കുന്നു.

ഓഡിറ്റ് വർഷത്തെ കെട്ടിട നിർമ്മാണം- റഗുലറൈസേഷൻ അപേക്ഷ രജിസ്റ്റർ പരിശോധിച്ചപ്പോൾ 19 അപേക്ഷകളിൽ നാളിതുവരെ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | ഫയൽ നം & തീയതി | റഗുലറൈസേഷൻ രജിസ്റ്റർ ക്രമ.നം |
|---|---|---|---|
| 1 | യു.പി ഷമീമ | Jc1/132/22 – 20.4.22 | 20/2022 |
| 2 | വി.കെ.പി റംലത്ത് | Jc1/70/22 – 10.6.22 | 25/2022 |
| 3 | നഫീസത്ത് മിസരിയ | ലഭ്യമല്ല. | 28/2022 |
| 4 | എ.വി സഫീന | Jc1/960/22 – 2.7.22 | 38/2022 |
| 5 | പി.പി നാരായണൻ | Jc1/1030/22 – 7.7.22 | 40/2022 |
| 6 | കെ.വി രവീന്ദ്രൻ | Jc1/1062/22 – 11.7.22 | 41/2022 |
| 7 | പി.വി തസ്ലീമ &നഫീസത്ത് | Jc1/1699/22 – 24.8.22 | 58/2022 |
| 8 | കവിത ടി.കെ& ശിവപ്രസാദ് | Jc1/1769/22 – 27.8.22 | 59/2022 |
| 9 | കെ.വി കലേഷ് | Jc1/3710/22 – 31.11.22 | 73/2022 |
| 10 | പി.വി ഷംസുന്നീസ | Jc1/266/23 – 16.1.23 | 5/2023 |
| 11 | ശശി.സി | Jc1/277/23 – 17.1.23 | 6/2023 |
| 12 | യു.പി അബ്ദുൾഖാദർ | Jc1/1047/23- 15.2.23 | 10/2023 |
| 13 | വി.വി നഫീസത്ത് | Jc1/1975/23- 9.3.23 | 14/2023 |
| 14 | എ.ആർ അഹമ്മദ് & കുഞ്ഞായിഷ | Jc1/2008/23- 10.3.23 | 15/2023 |
| 15 | പിവി അബ്ദുൾ മജീദ് | Jc1/2194/23- 18.3.23 | 16/2023 |
| 16 | ബാലകൃഷ്ണൻ എം | Jc1/267/22- 14.1.22 | 2/2022 |
| 17 | കതിരുമ്മൽ മോഹനൻ | Jc1/505/22 – 21.1.22 | 4/2022 |
| 18 | രതീഷ് വി | Jc1/576/22 – 29.1.22 | 7/2022 |
| 19 | ടി.കെ ഹഫ്സത്ത് | Jc1/1459/22 – 26.2.22 | 10/2022 |

മേൽ കെട്ടിടങ്ങളുടെ അപേക്ഷാ ഫയലുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, അപേക്ഷകളിൽ

തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിനെ അറിയിക്കുവാനും ഓഡിറ്റ് എൻക്വയറി നം. 7/തീ.16.10.2023 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കുകയോ കെട്ടിടങ്ങളുടെ അപേക്ഷാ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ ഫയലുകളുടെ തുടർ നടപടികളുടെ വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-13 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല.

ഇ ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, തൃക്കരിപ്പൂർ ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 37133988223) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ 17.10.2023 വരെ ലഭിച്ച 1,12,276/- രൂപയുണ്ട്. ടെണ്ടർ ഫോമിന്റെ വിലയായി ഈ അക്കൗണ്ടിൽ വരവുവന്ന തുക ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടത്തുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫോമിന്റെ വില യഥാസമയം ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതും, GSTബന്ധപ്പെട്ട വകുപ്പിലേയ്ക്ക് ഒടുക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം. 14 തിയതി 17.10.2023).

1-14 ചെലവ് അനുവാദം ലഭ്യമാക്കി ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനു മുൻപേ ബാങ്കിൽ നിന്നും പണം പിൻവലിക്കുന്നു.

പടന്ന ഗ്രാമ പഞ്ചായത്തിന്റെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധന നടത്തുമ്പോൾ ചെലവ് അനുവാദം ലഭ്യമാക്കി ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനു മുൻപേ ബാങ്കിൽ നിന്നും പണം പിൻവലിക്കുന്നതായി ശ്രദ്ധയിൽപെട്ടു. ഇത്തരത്തിൽ തനത് ഫണ്ടുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തുന്ന അക്കൗണ്ടുകളിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| എൽ.ജി.ടി.എസ്.ബി-തനത് ഫണ്ട് 193 | | | |
|---|---|---|---|
| ചെക്ക് നം/തീയതി | തുക | ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | ചെക്ക് മുഖേന ബാങ്കിൽ നിന്നും പണം പിൻവലിച്ച തീയതി |
| 6835956/04.04.2022 | 170710/- | 14.06.2022 | 05.04.2022 |
| 6835957/04.04.2022 | 155235/- | 20.06.2022 | 09.05.2022 |
| 6835958/18.05.2022 | 51435/- | 18.05.2022 | 27.07.2022 |
| 6835959/27.05.2022 | 204953/- | 05.07.2022 | 27.05.2022 |
| 6835960/03.06.2022 | 171346/- | 23.07.2022 | 13.06.2022 |
| 6835961/10.06.2022 | 51435/- | 27.07.2022 | 15.06.2022 |
| 0835962/02.07.2022 | 165960/- | 27.08.2022 | 08.07.2022 |

| പടന്ന സർവീസ് സഹകരണ ബാങ്ക്-തനത് ഫണ്ട് 55 | | | |
|---|---|---|---|
| ചെക്ക് നം/തീയതി | തുക | ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | ചെക്ക് മുഖേന ബാങ്കിൽ നിന്നും പണം പിൻവലിച്ച തീയതി |
| 126694/04.04.2022 | 846948/- | 05.04.2022 | 04.04.2022 |
| 126696/05.04.2022 | 7000/- | 15.06.2022 | 05.04.2022 |
| 126697/05.04.2022 | 8000/- | 31.05.2022 | 06.04.2022 |
| 126699/07.04.2022 | 2500/- | 15.06.2022 | 07.04.2022 |
| 126700/07.04.2022 | 650/- | 20.05.2022 | 07.04.2022 |
| 126732/07.04.2022 | 18000/- | 15.06.2022 | 12.04.2022 |
| 126736/13.04.2022 | 10000/- | 16.06.2022 | 13.04.2022 |

| കേരള ഗ്രാമീണ ബാങ്ക്-പ്ലാൻ 4143 | | | |
|---|---|---|---|
| ചെക്ക് നം/തീയതി | തുക | ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | ചെക്ക് മുഖേന ബാങ്കിൽ നിന്നും പണം പിൻവലിച്ച തീയതി |
| 19812/03.06.2022 | 828349/- | 23.07.2022 | 03.06.2022 |
| 19813/06.06.2022 | 18942/- | 23.07.2022 | 06.06.2022 |
| 19814/07.06.2022 | 273315/- | 23.07.2022 | 08.06.2022 |
| 19815/07.06.2022 | 41100/- | 30.06.2022 | 08.06.2022 |
| 19816/08.06.2022 | 14350/- | 27.07.2022 | 08.06.2022 |
| 19817/08.06.2022 | 177000/- | 06.08.2022 | 09.06.2022 |
| 19818/08.06.2022 | 150000/- | 27.07.2022 | 10.06.2022 |
| 19819/21.06.2022 | 1032/- | 06.08.2022 | 21.06.2022 |
| 19820/21.06.2022 | 393680/- | 23.07.2022 | 21.06.2022 |

ചെലവ് അധികൃതമാക്കി ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനു മുൻപേ ചെക്ക് മുഖേന ബാങ്കിൽ നിന്നും പണം പിൻവലിച്ചതിന് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം. 9 തിയതി 17.10.2023 മുഖേന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-15 പടന്ന ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മുകളിൽ ജെന്റർ റിസോഴ്സ് സെന്റർ നിർമ്മിക്കുന്ന പ്രവൃത്തി-കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ല.

പടന്ന ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മുകളിൽ ജെന്റർ റിസോഴ്സ് സെന്റർ നിർമ്മിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2022-2023 സാമ്പത്തിക വർഷത്തിൽ പദ്ധതി (പ്രൊജക്ട് നം 102/23) നടപ്പാക്കിയിട്ടുണ്ട്. പദ്ധതിക്കായി അസിസ്റ്റന്റ് എഞ്ചിനീയർ DSR 2018 With Cost Index 33.05% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ (EST No. 2022/10665) അടങ്കൽ 14,55,560/-രൂപയാണ്. എസ്റ്റിമേറ്റ് പ്രകാരം രണ്ടാം നിലയുടെ മുകളിൽ ഷീറ്റ് ഇടൽ, 120സെ.മി ഉയരത്തിൽ ചെങ്കല്ല് ഉപയോഗിച്ച് പാർശ്വഭിത്തി കെട്ടൽ, ടോയ്ലറ്റ് നിർമ്മാണത്തിനായി ചെങ്കല്ല് ഉപയോഗിച്ച് ഭിത്തി കെട്ടൽ എന്നീയിനം പ്രവൃത്തികളാണ് ചെയ്യാനുള്ളത്. ഈ പ്രവൃത്തി ശാന്തകുമാർ.വി എന്ന കരാറുകാരനാണ് ഏറ്റെടുത്തത് (PAC 1274864/-).

പ്രവൃത്തിയുടെ അളവ് പുസ്തകം (നം.289/2122, 290/21-22) പ്രകാരം രണ്ടാം നിലയുടെ മുകളിൽ ഷീറ്റ് ഇടൽ, 120സെ.മി ഉയരത്തിൽ ചെങ്കല്ല് ഉപയോഗിച്ച് പാർശ്വഭിത്തി കെട്ടൽ, ടോയ്ലറ്റ് നിർമ്മാണത്തിനായി ചെങ്കല്ല് ഉപയോഗിച്ച് ഭിത്തി കെട്ടൽ എന്നീയിനം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ അളവ് മൂല്യം (അളവ് പുസ്തകം 290/21-22, പേജ് 31 പ്രകാരം) 12,66,440/- രൂപയാണ്. ആയതിന്റെ കൂടെ 18% ജി.എസ്.ടി ഘടകം കൂട്ടി 14,94,339/- രൂപ 2022-2023 വർഷത്തിൽ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം/തീയതി | ബിൽ തുക | കരാറുകാരന് നൽകിയ തുക | ഫണ്ട്. |
|---|---|---|---|
| BRN 22200352006401277075/02.03.2023 | 441560/- | 381784 | വികസന ഫണ്ട്-പൊതുവിഭാഗം |
| BRN 22200352006401538934/28.03.2023 | 102839/- | 102839/- | |
| വൗച്ചർ നം. 70-3/23 തീ. 10.03.2023 | 940000/- | 940000/- | തനത് ഫണ്ട് |
| വൗച്ചർ നം. 93-3/23 തീ. 10.03.2023 | 100000/- | 10000/- | |
| ആകെ | 1494399/- | 1434623/- | |

ഇതുകൂടാതെ 2023-2024 വർഷത്തിൽ ജെന്റർ റിസോഴ്സ് സെന്റർ നിർമ്മാണം-രണ്ടാം ഘട്ടം (പ്രൊജക്ട് നം 224/24) എന്നൊരു പദ്ധതിയും അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയുടെ തറ വെട്രിഫൈഡ് ടൈൽസ് പാകുന്ന പ്രവൃത്തിയും പാർശ്വഭിത്തിയും ടോയ്ലറ്റിന്റെ ഭിത്തിയും സിമന്റ് തേക്കൽ എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. ആയതിനായി 4,94,694/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പടന്ന ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ മൂന്ന് വശങ്ങളും സ്വകാര്യ വ്യക്തികളുടെ സ്ഥലവും മുൻ ഭാഗം PWD റോഡുമാണ്. സ്വകാര്യ വ്യക്തികളുടെ സ്ഥലവുമായി അതിർത്തി പങ്കിടുന്ന മൂന്ന് വശങ്ങളിലും ഓഫീസ് കെട്ടിടത്തിന്റെ ചുമരിലേക്ക് അതിരിൽ നിന്നുമുള്ള ദൂരം ഏകദേശം ഒരു മീറ്റർ മാത്രമാണ്.

ഈ സാഹചര്യത്തിൽ ഓഡിറ്റ് എൻക്വയറി നം. 18 തിയതി 17.10.2023 മുഖാന്തിരം ചുവടെ പരാമർശിക്കുന്ന കാര്യങ്ങളിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ചോദിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മുകളിൽ ജെന്റർ റിസോഴ്സ് സെന്ററിനായി നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയതിന്റെ വിവരങ്ങൾ

2. ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മുകളിൽ ജെന്റർ റിസോഴ്സ് സെന്ററിനായി നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ പ്ലാനും, ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 5 (4) പ്രകാരം പഞ്ചായത്തിന്റെ ഏതെങ്കിലും കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമാണ് കെട്ടിട നിർമ്മാണം നടത്തുന്നത് എന്നത് സംബന്ധിച്ച് സെക്രട്ടറിയിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി കെട്ടിട നിർമ്മാണത്തിന് അനുമതി നല്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മുകളിൽ ജെന്റർ റിസോഴ്സ് സെന്റർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുൻപായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നാണ് അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. തിരക്കേറിയ റോഡിനോട് ചേർന്ന സ്ഥിതിചെയ്യുന്ന ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യം, ആവശ്യത്തിന് കവറേജ്, സെറ്റ് ബാക്ക് എന്നിവയൊന്നും ഉറപ്പാക്കാതെയാണ് അധിക നിർമ്മാണ പ്രവൃത്തികൾ നടത്തിയത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിയമാനുസൃതമാണ് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി അനുമതി നൽകേണ്ട സ്ഥാപനം തന്നെ ചട്ടങ്ങൾ പാലിക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-16 ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത് അംഗീകാരം വാങ്ങിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ജോലിചെയ്യുന്ന ചുവടെ പരാമർശിക്കുന്ന ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം പുതുക്കിയ ശമ്പള സ്കെയിലിൽ നിർണ്ണയിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | അംഗീകാരം വാങ്ങാനുള്ള ശമ്പള പരിഷ്കരണം |
|---|---|---|---|
| 1 | ശ്രീ.വിനോദ്.സി.വി | അസിസ്റ്റന്റ് സെക്രട്ടറി | ജി. ഒ (പി) നം 27/2021/ഫിൻ തീയതി 10.02.2021 |
| 2 | ശ്രീ.ബാബു അപ്യാൽ | ഹെഡ് ക്ലാർക്ക് | |
| 3 | ശ്രീ.രാജേഷ്.എം.വി. | അക്കൗണ്ടന്റ് | |
| 4 | ശ്രീ.അൻവർ സാദത്ത്.എം.പി | ക്ലാർക്ക് | |

| | | | |
|---|---|---|---|
| 5 | ശ്രീ.സുമേഷ്.കെ | ക്ലാർക്ക് | |
| 6 | ശ്രീ.ഇബ്രാഹീം കുട്ടി.കെ | ഓഫീസ് അറ്റൻഡന്റ് | |
| 7 | ശ്രീ.സജീവൻ. കെ.വി | ഫുൾ ടൈം ലൈബ്രേറിയൻ | |
| 8 | ശ്രീ.പ്രശാന്ത്.യു.പി.വി | ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി. ഒ (പി) നം 27/2021/ഫിൻ തീയതി 10.02.2021 . |

ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11 തിയതി 17.10.2023).

### 1-17 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ- അക്രഡിറ്റഡ് ഏജൻസിക്ക് നൽകിയ മുൻകൂർ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നം. | എസ് 0161/23 (ടൂറിസം പദ്ധതി-റോഡ് കണക്ടിവിറ്റി മാപ്പ്) |
| അടങ്കൽ | 4,05,000/- തനത് ഫണ്ട് |

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന പദ്ധതിക്കായി വൗച്ചർ നമ്പർ 57-2/23 തീയതി 17.02.2023 പ്രകാരം 80,000/- രൂപ മുൻകൂറായി അക്രഡിറ്റഡ് ഏജൻസിയായ സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡവലപ്മെന്റ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

ആദായ നികുതി നിയമം സെക്ഷൻ 194 J പ്രകാരം ടെക്നിക്കൽ സർവീസ് ഇനത്തിൽ നൽകുന്ന തുകയ്ക്ക് 2% നികുതി സ്രോതസിൽനിന്നും ഈടാക്കണം. എന്നാൽ ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 2% ഈടാക്കാതെയാണ് മേൽ സ്ഥാപനത്തിന് തുക നൽകിയത്. ആയതിനാൽ 1600/-രൂപ ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. - 13 തീയതി 17.10.2023).

### 1-18 ഓണം അഡ്വാൻസ് തുക തിരികെ ഒടുക്കിയിട്ടില്ല.

പടന്ന ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റായിരുന്ന റീന ലക്ഷ്മണൻ 2022-23 വർഷം 20000 രൂപ ഓണം അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയിരുന്ന ( Vr.No.22200507/തിയതി.30.09.2022) . ഇതിൽ 12000/-രൂപ തുടർ മാസങ്ങളിൽ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥ പിന്നീട് സ്ഥലം മാറിപ്പോയിരുന്നു. എന്നാൽ ഓണം അഡ്വാൻസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 8000/-രൂപ നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് അവശേഷിക്കുന്ന തുക നാളിതുവരെയുള്ള പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക തിരികെ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 8,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.8/തിയതി. 17-10-2023)

### 1-19 കുടിവെള്ള വിതരണ പദ്ധതി - അപാകതകൾ

(പ്രൊജക്റ്റ് നം.220/23) അടങ്കൽ തനത് ഫണ്ട് 200000/- നിർവ്വഹണം സെക്രട്ടറി)

പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2022-23വാർഷിക പദ്ധതിയിൽ കുടിവെള്ള വിതരണത്തിനായി 200000/-അടങ്കലുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നു. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

എ) കുടിവെള്ള വിതരണം കരാറെടുത്തയാൾക്ക് പ്രതിഫലമിനത്തിൽ 321685/-രൂപ വൗ.നം.22200513

തി.07.10.2022പ്രകാരം അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ അടങ്കലായി ഉൾപ്പെടുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന് ഭരണ സമിതിയിൽ നിന്നും അനുമതിയോ ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും സാധൂകരണ ഉത്തരവോ നേടിക്കാണുന്നില്ല. അടങ്കൽ തുകയിലും അധികമായി തുക ചെലവഴിച്ചത് ഭരണ സമിതി മുഖേന ജില്ലാ ആസൂത്രണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി സാധൂകരണ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

ബി) പദ്ധതി ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

സി) കുടിവെള്ള വിതരണം ചെയ്തതിന്റെ പ്രതിഫലം നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 1% ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആദായ നികുതിയിനത്തിൽ ഒടുക്കേണ്ട 3217/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) കുടിവെള്ള വിതരണ മേൽനോട്ട ചുമതല ഗ്രാമ പഞ്ചായത്തിൽ നിന്നുമുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഏൽപിച്ച് കാണുന്നില്ല. വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള ട്രിപ് ഷീറ്റുകളിലും, ജി.പി.എസ് സ്റ്റേറ്റ്മെന്റുകളിലും ഉദ്യോഗസ്ഥരോ , ബന്ധപ്പെട്ട വാർഡ് ജന പ്രതിനിധികളോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഇവയിലൊന്നും തന്നെ കരാറുകാരനും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ട്രിപ് ഷീറ്റുകൾ , ജി.പി.എസ്. സ്റ്റേറ്റുമെന്റുകൾ എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും ബന്ധപ്പെട്ട വാർഡ് ജന പ്രതിനിധികളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ/വിശദീകരണങ്ങൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 321685/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം . 5 / തിയതി. 13-10-2023)

## 1-20 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം 736250/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| പ്രൊ.നം | തുക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 191/22എടച്ചാക്കൈ പാലം മുതൽ നടക്കാവ് വരെ LED ലൈറ്റ് സ്ഥാപിക്കൽ | 417850/- | 121 എണ്ണം (45 വാട്സ് )<br>സൺ പവർ ഇലക്ട്രിക്കൽസ് പാപ്പിനിശ്ശേരി | (വൗ.നം XVFC/22-23/P/28 31.03.2023) |
| 190/22 ഓരി മുക്ക് മുതൽ എടച്ചാക്കൈ പാലം വരെ വരെ LED ലൈറ്റ് സ്ഥാപിക്കൽ | 318400/- | 80 എണ്ണം (45 വാട്സ് )<br>സൺ പവർ ഇലക്ട്രിക്കൽസ് പാപ്പിനിശ്ശേരി | 3 വാർഡുകളിലായി 41 ലൈറ്റുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>(വൗ.നം XVFC/22-23/P/27 31.03.2023) |

തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എ) തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കെ.എസ്.ബിയിൽ നിന്നും ലഭ്യമായ അനുമതി ഉത്തരവ്

ബി) തെരുവ് വിളക്ക് സ്ഥാപിച്ചത് പരിശോധിച്ച് കെ.എസ്.ഇ.ബി അധികൃതർ നൽകുന്ന ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്

സി) തെരുവ് വിളക്ക് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രം പൂർണ്ണമായി ഹാജരാക്കിയിട്ടില്ല.

ഡി) വാങ്ങൽ നടപടിയ്ക്ക് ഭരണ സമിതിയും, പ്രൊക്യൂർമെന്റ് സമിതിയും അംഗീകാരം നൽകിയതിന്റെ

രേഖകൾ

എഫ്) ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകളുടെ വിശദാംശം രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ, തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ

ജി) തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തുടങ്ങിയ വിവരങ്ങൾ കണക്കാക്കുന്നതിനായി കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട്

മേൽ പരാമർശിച്ച രേഖകളുടേയും വിശദാംശങ്ങളുടേയും അഭാവത്തിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ച 736250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല - അപാകതകൾ

ഗ്രാമ പഞ്ചായത്ത് പരിധിയിലെ കേടായ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള കൂലിയിനത്തിൽ 2022-23 വർഷം ചുവടെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. | തുക | തുക നല്കിയ വ്യക്തി |
|---|---|---|
| V.No.22200059/15.6.2022 | 18000/- | തമ്പാൻ.പി.വി |
| V.No.22200456/24.9.2022 | 24120/- | ഷാജി.പി.പി |
| V.No.22200578/14.10.2022 | 33960/- | ഷാജി.പി.പി |
| V.No.22200836/18.12.2022 | 22800/- | ഷാജി.പി.പി |
| V.No.22200942/26.1.2023 | 16800/- | ഷാജി.പി.പി |
| | 115680/- | |

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

1) തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ടെണ്ടർ/ക്വട്ടേഷൻ വിളിച്ചതിന്റേയും ആയത് ഭരണ സമിതി അംഗീകരിച്ചതിന്റേയും, രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) മെയിന്റനൻസ് പ്രവൃത്തിക്കാവശ്യമായ ബൾബുകളും അനുബന്ധ ഉപകരണങ്ങളും പ്രവൃത്തി നിർവ്വഹിച്ച വ്യക്തികൾക്ക് ലഭ്യമാക്കിയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) അറ്റകുറ്റപ്പണി ആവശ്യമുള്ള തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) പ്രസ്തുത പ്രവൃത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയല്ല നിർവ്വഹണം ചെയ്തത്. ആയതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രേഖകളുടേയും വിശദാംശങ്ങളുടേയും അഭാവത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി ചെലവഴിച്ച 115680/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.5/തിയതി .13.10.2023)

## 1-22 പഞ്ചായത്ത് ഓഫീസിലേയ്ക്ക് 5 കെ.വി യു.പി.എസ് വാങ്ങൽ -നടപടിക്രമങ്ങൾ- അപാകത

(പ്രൊ.നം.90/23) നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് ഓഫീസിലെ യു പി എസ് ബാറ്ററികൾ കേടായതിനാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി വൈദ്യുതി പ്രശ്നം ഉണ്ടാവുന്നതിനാൽ പുതിയ 5KVയു.പി.എസ് വാങ്ങണമെന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ യു.പി.എസ് വാങ്ങിയ ശേഷം പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ഹെഡ് ക്ലാർക്ക് ശുപാർശ ചെയ്യുകയും ജെം മുഖേന വാങ്ങുകയും ചെയ്യുകയുണ്ടായി. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

എ) നിലവിലുണ്ടായിരുന്ന UPS ഉം ബാറ്ററികളും ഉപയോഗശൂന്യമാണെന്ന് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം മുഖേന പരിശോധന നടത്തി സാക്ഷ്യപത്രം നേടിയിട്ടില്ല.

ബി) പുതുതായി UPS ഉം ബാറ്ററികളും വാങ്ങിയപ്പോൾ പഴയതിന് 18000 രൂപ വില നിശ്ചയിച്ച് ആയത് കുറച്ചുള്ള തുകയാണ് സപ്ലെയർ വാങ്ങിയത് . പഴയ UPS നും ബാറ്ററികൾക്കും പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തെ നിയോഗിച്ച് വില നിശ്ചയിച്ചതായി കാണുന്നില്ല.

സി) പദ്ധതിയ്ക്കായി വൗച്ചർ.നം. 22200260 തി. 06.08.2022 പ്രകാരം 177000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടുകാണുന്നില്ല. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ നിന്നും വാങ്ങൽ നടപടിക്ക് അംഗീകാരം വാങ്ങിയിട്ടുമില്ല.

അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ/വിശദീകരണങ്ങൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 177000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം . 5 / തിയതി. 13-10-2023)

1-23 GUPS പടന്ന കെട്ടിടം വാടക നൽകിയത്- വാടക നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല

(പ്രൊജക്ട് നം.92/23 നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി)

പദ്ധതി പ്രകാരം പടന്ന ജി.യു.പി.സ്കൂൾ കെട്ടിടത്തിന്റെ 2022-23 വർഷത്തെ വാടകയിനത്തിൽ 95964/- രൂപ ട്രഷറി ബിൽ നം. 2220035200210138822തി. 17.03.2023 പ്രകാരം പടന്ന ജമാ അത്തുൽ ഇസ്ലാം മഹല്ല് പരിപാലന കമ്മറ്റിക്ക് അനുവദിച്ചിട്ടുണ്ട്. കെട്ടിട വാടക നിർണ്ണയിച്ചുകൊണ്ടുള്ള എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാടക നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 95964/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിന് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

(പ്രൊജക്ട് നം.196/23 നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി )

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിന് വിഹിതം നൽകൽ പദ്ധതി പ്രകാരം 200000/-രൂപ (Vr.No.22201352/31.03.2023 ) നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 200000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 ഹാർഡ് വെയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തുകൾ വാങ്ങുന്ന കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും തുടർന്നുള്ള സംരക്ഷണവും മെയിന്റനൻസും ഉറപ്പ് വരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇവയുടെ വിശദാംശം രേഖപ്പെടുത്തി ഹാർഡ് വെയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| പ്രൊ.നം | തുക | ഉപകരണങ്ങൾ |
|---|---|---|
| 208/22പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 137984 /-തനത് ഫണ്ട്<br>200000/- വികസന ഫണ്ട്. | 7 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ |
| 91/22പഞ്ചായത്ത് ഓഫീസിലേയ്ക്ക് മൾട്ടിഫംഗ്ഷൻ പ്രിന്റർ | 96053/- തനത് ഫണ്ട് | 4പ്രിന്ററുകൾ |
| പഞ്ചായത്ത് ഓഫീസിലേയ്ക്ക് 5 കെ.വി യു.പി.എസ് വാങ്ങൽ (പ്രൊ.നം.90/23) | 177000/-തനത് ഫണ്ട് | 5 KV UPS & 10ബാറ്ററികളും |
| തൊഴിലുറപ്പ് പദ്ധതി ഓഫീസിലേയ്ക്ക് ലാപ് | 40823/- | 2ലാപ് ടോപ്പ് , 2 |

| | | |
|---|---|---|
| ടോപ്പ് , പ്രിന്റർ | 152626/- | പ്രിന്റർ |

1-26 വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 23/2023 ( SO 68/22 ) | |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി പട്ടികജാതി | |
| യൂണിറ്റ് കോസ്റ്റ് | 4,00,000/- | |
| വകയിരുത്തൽ | സംസ്ഥാനാവിഷ്കൃതഫണ്ട് 4280000/- | |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 340113/- | |
| | മറ്റുള്ളവ 10688503/- | |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പടന്ന സർക്കിൾ) | |

പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനായി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റ് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നാളിതു വരെയായി കൈപ്പറ്റിയ തുക | വീടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഗിരീഷ് പി<br>S/o കുഞ്ഞമ്പു സി<br>പത്താനത്ത് (H)<br>ഗണേഷ് മുക്ക് | 3,00,000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു. |
| 2 | മിനിത എം<br>W/o പുഷ്പൻ<br>മാപ്പിടിച്ചേരി<br>കാന്തിലോട്ട് | 3,97,443 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 3 | രമ്യ സി<br>W/o രതീഷ് ടി<br>തളിയിൽ ( H )<br>വടക്കേപ്പുറം | 2,00,000 | തറ നിർമ്മാണം പൂർത്തീകരിച്ചു. |
| 4 | സുമ ടി<br>തച്ചൻ (H)<br>വടക്കേപ്പുറം | 3,40,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 5 | ബീന പി<br>പൈലൻ (H)<br>കാന്തിലോട്ട്<br>വണ്ണാത്തൻ വളപ്പ് | 40,000 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 6 | മനീഷ് കെ<br>H/o ഷൈമ കെ വി<br>എടക്കേൻ (H)<br>കൈപ്പാട് | 3,00,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 7 | സുനിത പി<br>W/o സജിൻദാസ്<br>പത്താനത്ത് (H) | 40,000 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | ഗണേഷ് മുക്ക് | | |
| 8 | രാജേഷ് യു<br>S/0 കുഞ്ഞമ്പു<br>വടക്കേപ്പുറം<br>പടന്ന | 3,40,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 9 | കവിത കെ<br>W/o രഞ്ജിത്ത് വി<br>കോയി (H)<br>മാച്ചിക്കാട് | 3,40,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 10 | സൗമ്യ എം<br>W/o ഗിരീഷ്<br>മുണ്ടക്കാട് (H)<br>ഉദിനൂർ | 3,40,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 11 | ഷജ്ന ഷ ടി<br>W/o രാഹുൽ പി<br>പനക്കാച്ചേരി (H)<br>തടിയൻകൊവ്വൽ | 3,31,497 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 12 | സുജയ കെ<br>W/o വിനേഷ് യു<br>ഊരാളി (H)<br>വടക്കേപ്പുറം | 40,000 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 13 | ജയേഷ് കെ<br>H/o ചിന്നു പി<br>കോയി (H)<br>മുട്ടുകട,കൊയേങ്കര | 2,45,000 | തറ നിർമ്മാണം പൂർത്തീകരിച്ചു. |
| 14 | ഷൈമ സി കെ<br>W/o ബിനീഷ് പി<br>ഇട്ടമ്മൽ (H)<br>ഗണേഷ് മുക്ക് | 3,00,000 | തറ നിർമ്മാണം പൂർത്തീകരിച്ചു. |
| 15 | രമ്യ ടി<br>W/o അഭിലാഷ് കെ<br>തച്ചൻ (H)<br>വണ്ണാത്താൻ മുക്ക്, പടന്ന | 3,00,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 16 | പുഷ്പ കെ<br>W/o മധു പി<br>പത്താനത്ത് (H)<br>ഗണേഷ് മുക്ക് | 1,40,000 | തറ നിർമ്മാണം പൂർത്തീകരിച്ചു. |
| 17 | ശ്യാമള കെ<br>കണ്ണോത്ത് (H)<br>കൈപ്പാട്<br>പടന്ന | 1,40,000 | തറ നിർമ്മാണം പൂർത്തീകരിച്ചു. |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 48/2023 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് മിഷൻ പദ്ധതി ജനറൽ 2018-19 |

| | |
|---|---|
| യൂണിറ്റ് കോസ്റ്റ് | 4,00,000/- |
| വകയിരുത്തൽ | തനത്ഫണ്ട് 40000/- |
| | മറ്റുള്ളവ 1606580/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദിനൂർ സർക്കിൾ) |

ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നാളിതു വരെയായി കൈപ്പറ്റിയ തുക | വീടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | രേഷ്മ പി<br>W/o സുനി<br>പുതിയപുരയിൽ (H)<br>കൊല്വറഡി(H)<br>പിലിക്കോട് | 3,00,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |
| 2 | ചന്ദ്രിക ടി<br>തളിയിൽ വീട്<br>വടക്കേപ്പുറം, പടന്ന | 3,00,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |

ഗുണഭോക്താക്കൾ നിർവ്വഹണോദ്യോഗസ്ഥനുമായി ചമച്ച കരാറിൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കരാർ ലംഘനത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.17/17.10.2023). പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി- ഭിത്തി നിർമ്മാണം വരെ മാത്രം പൂർത്തീകരിച്ച ഗുണഭോക്താവിന് 99% തുകയും നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 23/2023 ( SO 68/22 ) |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി പട്ടികജാതി |
| യൂണിറ്റ് കോസ്റ്റ് | 4,00,000/- |
| വകയിരുത്തൽ | സംസ്ഥാനാവിഷ്കൃതഫണ്ട് 4280000/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 340113/- |
| | മറ്റുള്ളവ 10688503/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | |
|---|---|
| | (ഉദിനൂർ സർക്കിൾ) |

ഗുണഭോക്താവിന്റെ പേര് - മിനിത എം, മാപ്പിടിച്ചേരി (H), കാന്തിലോട്ട്

മേൽ ഗുണഭോക്താവിന് നാളിതുവരെയായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| തുക | നൽകിയ തീയ്യതി |
|---|---|
| 40,000 | 12.10.2021 |
| 1,60,000 | 08.03.2022 |
| 40,000 | 31.03.2022 |
| 40,000 | 30.09.2022 |
| 37,443 | 12.10.2022 |
| 60,000 | 19.12.2022 |
| 20,000 | 11.01.2023 |
| ആകെ 3,97,443/- | |

എന്നാൽ ഫയലുകളും സ്കീം രജിസ്റ്ററുകളും പരിശോധിച്ചതിൽ വീടിന്റെ ഭിത്തി നിർമ്മാണം വരെ പൂർത്തികരിച്ചതായേ കാണുന്നുള്ളൂ. 4 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് ഉള്ള പദ്ധതിയിൽ 2557/- രൂപ മാത്രമേ ഇനി ഗുണഭോക്താവിന് നൽകാനുള്ളൂ. നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പേ 99% തുകയും നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.17/17.10.2023). മേൽ അപാകതയ്ക്ക് നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതും ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതുമാണ്.

1-28 ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ഈടാക്കിയില്ല – ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 79,498/- രൂപ അധിക ചെലവ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 08/2023 |
| പ്രോജക്ടിന്റെ പേര് | റിംഗ് കമ്പോസ്റ്റ് 2022-23 |
| വകയിരുത്തൽ | വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) 10,12,500/- |
| | ഗുണഭോക്തൃ വിഹിതം 1,12,500/- |
| | തനത് ഫണ്ട് 600/- |
| ബിൽ നമ്പർ | 378/28.03.2023 7,94,976/- വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദിനൂർ സർക്കിൾ) |

വീടുകളിൽ ഉറവിട ജൈവ മാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ് നൽകി പരിസര ശുചിത്വം കൈവരിക്കൽ എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത മേൽ പ്രോജക്ട് പ്രകാരം 300 കുടുംബങ്ങൾക്ക് RAIDCO, കണ്ണൂർ എന്ന സ്ഥാപനം റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തിരുന്നു. RAIDCO യുടെ 28.03.2023 ലെ CHR/1120 /2022-2023 ഇൻവോയിസ് പ്രകാരം 7,94,976/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടിൽ ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല.

28.05.2022 ലെ സ ഉ (കൈ)നം.115/2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം കമ്പോസ്റ്റിംഗ് യൂണിറ്റിന് (ഗാർഹിക തലത്തിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം) 10 ശതമാനം ഗുണഭോക്തൃവിഹിതം അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം 29.10.2022 ലെ 1/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ച പ്രസ്തുത പദ്ധതിയിൽ 10 ശതമാനം ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ട 79,498/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം

ആവശ്യപ്പെട്ടിരുന്നെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.17/17.10.2023). ഗുണഭോക്തൃ വിഹിതമിനത്തിൽ ഒടുക്കേണ്ട തുക ഉൾപ്പടെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 79,498/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-29 കലക്ടേർസ് അറ്റ് സ്കൂൾ - ബിന്നുകൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 74/2023 |
| പ്രോജക്റ്റിന്റെ പേര് | കലക്ടേർസ് അറ്റ് സ്കൂൾ |
| വകയിരുത്തൽ | തനത് ഫണ്ട് 62280/-<br>മറ്റുള്ളവ 145320/- |
| ബിൽ നമ്പർ | 391/31.03.2023 ₹ 1,34,960/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദിനൂർ സർക്കിൾ) |

സ്കൂൾ കുട്ടികൾക്ക് അജൈവ മാലിന്യം തരം തിരിക്കേണ്ടതിന്റെ നല്ല പാഠങ്ങൾ പകർന്നു നൽകാൻ സ്കൂളുകളിൽ കലക്ടേർസ് ബിന്നുകൾ സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 8 സ്കൂളുകൾക്ക് ബിന്നുകൾ വിതരണം ചെയ്തതിന് അസിം ഡിസൈനിങ് & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിന് 1,34,960/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, സാധനം സ്റ്റോക്കിലെടുത്തതിന്റെ വിവരം, പ്രൊക്യുയർമെന്റ് കമ്മിറ്റി/ഭരണ സമിതി തീരുമാനം, സാധനം വിതരണം ചെയ്ത സ്ഥാപനത്തിന്റെ ടാക്സ് ബില്ല് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.17/17.10.2023). രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1,34,960/- രൂപ തടസ്സപ്പെടുത്തുന്നു.

**1-30 ഹരിത കർമ്മസേനക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട്- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/2023 |
| പ്രോജക്റ്റിന്റെ പേര് | ഹരിത കർമ്മസേനക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് 6 മാസത്തേക്ക് ദീർഘിപ്പിച്ചു നൽകുന്നതിനുള്ള പ്രോജക്ട്. |
| വകയിരുത്തൽ | തനത് ഫണ്ട് ₹1,50,000/- |
| ബിൽ നമ്പർ & തീയ്യതി | 53/30.08.2023 ₹4720/- |
| | 66/17.09.2022 ₹12,000/- |
| | 264/04.03.2023 ₹6000/- |
| | 263/04.03.2023 ₹6000/- |
| | 205/10.02.2023 ₹6900/- |
| | 389/31.03.2023 ₹12475/- |
| | 392/31.03.2023 ₹ 5000/- |
| | ആകെ ₹ 53095/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദിനൂർ സർക്കിൾ) |

മേൽ ബിൽ നമ്പർ 389/31.03.2023 പ്രകാരം 12475/- രൂപ പിൻവലിച്ചതിൽ റിജോ ടി വി എന്ന വ്യക്തിക്ക് 6475/- രൂപ നൽകിയിട്ടുണ്ട്( എസ് ബി ഐ അക്കൗണ്ട് നമ്പർ-20190787485). എന്നാൽ എന്തിനു വേണ്ടിയാണ് തുക ചെലവഴിച്ചത് എന്ന കാര്യം വ്യക്തമല്ല.

ബിൽ നമ്പർ 392/31.03.2023 പ്രകാരം 5000/- രൂപ പിൻവലിച്ച് ദിലീപ് എം എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്( എസ് ബി ഐ അക്കൗണ്ട് നമ്പർ-67373453073). എന്നാൽ എന്തിനു വേണ്ടിയാണ് തുക ചെലവഴിച്ചത് എന്ന കാര്യം വ്യക്തമല്ല.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല(ഓഡിറ്റ് എൻക്വയറി നം.17/17.10.2023). രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 53095/- രൂപ തടസ്സപ്പെടുത്തുന്നു.

1-31 മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതി- ക്വട്ടേഷൻ നടപടികൾ ക്രമ പ്രകാരമല്ല.

ഓഡിറ്റ് വർഷത്തിൽ പി എച്ച് സി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ വ്യക്തമായ വിവരങ്ങൾ ഉൾക്കൊള്ളിക്കാതെ ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതായും പദ്ധതിയിലെ മുഴുവൻ സാമഗ്രികൾക്കും ക്വട്ടേഷൻ ക്ഷണിക്കാതെ ഭാഗികമായി മാത്രം സാധനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്ന വ്യക്തികൾക്ക് തുകകൾ നൽകുമ്പോൾ ബാങ്ക് അക്കൗണ്ടുകൾ വഴി കൈമാറണം എന്ന 12.04.2006 ലെ ജി ഒ (പി) നം.177/2006/ധന ഉത്തരവിലെ നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | റിമാർക്സ് |
|---|---|---|
| 110/23 | ലാബ് ഉപകരണങ്ങളും റീ ഏജന്റും വാങ്ങൽ | ആകെ ചെലവഴിച്ച ഒരു ലക്ഷം രൂപയിൽ 60850/- രൂപയുടെ സാധനങ്ങൾക്ക് മാത്രമേ ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളൂ. |
| 151/23 | ജീവിത ശൈലി രോഗ നിയന്ത്രണം | പദ്ധതിയുടെ നടത്തിപ്പിനായി കൈപ്പുസ്തകവും ബോധവത്ക്കരണ ബോർഡുകളും തയ്യാറാക്കി നൽകിയതിന് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത നാഷണൽ ഗ്രാഫിക്സ്, തൃക്കരിപ്പൂർ എന്ന സ്ഥാപനത്തിന് 25,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ പരസ്യത്തിൽ ഏത് തരം പുസ്തകം വേണമെന്നോ ബോർഡുകളുടെ വലുപ്പമോ ഇനമോ പരാമർശിച്ചിട്ടില്ല. |
| 150/23 | ആരോഗ്യ ജാഗ്രത | പദ്ധതിയുടെ നടത്തിപ്പിനായി നോട്ടീസുകളും ബോർഡുകളും തയ്യാറാക്കി നൽകിയതിന് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത നാഷണൽ ഗ്രാഫിക്സ്, തൃക്കരിപ്പൂർ എന്ന സ്ഥാപനത്തിന് 24,500/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ പരസ്യത്തിൽ ബോർഡുകളുടെ വലുപ്പമോ ഇനമോ പരാമർശിച്ചിട്ടില്ല. |
| 14/23 | സാന്ത്വന പരിചരണം | പദ്ധതിയുടെ ഭാഗമായി കുടുംബ സംഗമം നടത്തിയതിൽ നാടൻ കലാവതരണം അവതരിപ്പിച്ച വകയിൽ 9000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഹെൽത്ത് ഇൻസ്പെക്ടറായ പ്രകാശൻ എം എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് (അക്കൗണ്ട് നം.30288797626 SBI). |

| | | |
|---|---|---|
| 14/23 | സാന്ത്വന പരിചരണം | പദ്ധതിയുടെ ഭാഗമായി വോളന്റിയർ ട്രെയിനിങ് നടത്തിയതിന്റെ ഭാഗമായി സൗണ്ട് സിസ്റ്റം, മേശ, കസേര എന്നിവ ഒരുക്കി തന്നതിന് 'സുവർണ്ണ ഡെക്കറേഷൻ ലൈറ്റ് & സൗണ്ട്, ഉദിനൂർ' എന്ന സ്ഥാപനത്തിന്റെ 2000/- രൂപയുടെ ബിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഹെൽത്ത് ഇൻസ്പെക്ടറായ പ്രകാശൻ എം എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് (അക്കൗണ്ട് നം.30288797626 SBI). |

08.11.2010 ലെ ജി ഒ (പി) നം.259/2010/ത സ്വ ഭ വ ഉത്തരവ് പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങലുകൾ നടത്തുകയും ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-32 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 135/23 | |
| പ്രോജക്റ്റിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | |
| യൂണിറ്റ് കോസ്റ്റ് | 2,00,000/- | |
| വകയിരുത്തൽ | വികസന ഫണ്ട് (എസ് സി പി) 10,00,000/- | |
| ബിൽ നമ്പർ & തീയ്യതി | 222003520118011164250/09.02.2023 | 2,50,000/- |
| | 222003520118011260206/27.02.2023 | 3,75,000/- |
| | 222003520118011579564/31.03.2023 | 23,488/- |
| | ആകെ | 6,48,488/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |

എസ് സി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് താഴെക്കൊടുത്തിരിക്കും വിധം തുകകൾ കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ മേൽവിലാസം | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക |
|---|---|---|---|
| 01 | ശാന്ത പി<br>W/o ഗോവിന്ദൻ കെ<br>കോയിലാൻ (H)<br>വടക്കേപ്പുറം<br>പടന്ന | ആദിത്യ പി | 1,25,000 |
| 02 | രാജേഷ് പി<br>പൊയിരൻ (H)<br>മുള്ളോട്ട്കടവ്<br>ഉദിനൂർ | യാഷ് രാജ് | 1,48,488 |
| 03 | കൃഷ്ണൻ കെ<br>കാന്തിലോട്ട് (H) | കൃഷ്ണനന്ദ | 1,25,000 |

| | | | |
|---|---|---|---|
| | പടന്ന | | |
| 04 | സുധാകരൻ സി<br>കാന്തിലോട്ട് (H)<br>പടന്ന | അശ്വതി സുധാകരൻ | 1,25,000 |
| 05 | ഗോവിന്ദൻ എം<br>മാപ്പിടിച്ചേരി (H)<br>കോയിത്തുരുത്തി<br>എടച്ചാക്കൈ | രാഹുൽ ടി | 1,25,000 |
| | | ആകെ | 6,48,488/- |

മേൽ പട്ടികയിലെ ഗുണഭോക്താക്കളിൽ രാജേഷ് പി (ക്രമ നം.02) മാത്രമേ പഠന മുറി പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റുള്ള ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ച വിവരം ഉറപ്പ് വരുത്തുന്നതിനായി വാല്യുവേഷൻ സർട്ടിഫിക്കറ്റും മോണിറ്ററിങ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.15/17.10.2023). മാത്രമല്ല തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ഭരണസമിതി അംഗീകരിച്ച ലിസ്റ്റും സ്കീം രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 6,48,488/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-33 കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് മെയിന്റനൻസ് ചെലവ് - ചികിത്സയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 98/23 | |
| പ്രോജക്റ്റിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് മെയിന്റനൻസ് ചെലവ് - സാമൂഹ്യ സുരക്ഷ മിഷന് വിഹിതം. | |
| വകയിരുത്തൽ | വികസന ഫണ്ട് (പൊതു വിഭാഗം) 2,00,000/- | |
| ബിൽ നമ്പർ & തീയ്യതി | 22200352018100657438/17.10.2022 | 50,000/- |
| | 22200352018100657441/17.10.2022 | 50,000/- |
| | 22200352018100657446/17.10.2022 | 36,850/- |
| | 22200352018100972248/29.12.2022 | 49,630/- |
| | ആകെ | 1,86,480/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ | |

കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 26.02.2019 ലെ സ ഉ (സാധാ) നം.426/2019/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് മെയിന്റനൻസ് നടത്തുന്നതിനായി ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷ മിഷന് തുക കൈമാറുന്നതിനായാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. താഴെക്കൊടുത്തിരിക്കുന്ന കുട്ടികൾക്ക് വേണ്ടി പദ്ധതിയുടെ നടത്തിപ്പിനായി സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | കുട്ടികളുടെ മേൽവിലാസം | കൈമാറിയ തുക |
|---|---|---|
| 1 | മുഹമ്മദ് ഹാഷിർ എം വി<br>S/o ഫർസാന എം വി<br>തോട്ടത്തിൽ (H) | 50,000 |

| | | |
|---|---|---|
| | പടന്ന | |
| 2 | ഫാത്തിമ യു കെ<br>D/o സാജിത യു കെ<br>വടക്കേപ്പുറം (H)<br>കാവുന്തല, പടന്ന | 50,000 |
| 3 | അദ്വൈത് പി<br>S/o ശ്രീജ പി<br>കിനാത്തിൽ മണലിൽ (H)<br>എടച്ചാക്കൈ പി ഒ | 36,850 |
| 4 | നഹിദ യാസ്മിൻ<br>D/o ഫാത്തിമ ബി സി<br>ഫാത്തിമ മൻസിൽ<br>പടന്ന ബസാർ | 49,630 |
| | ആകെ | 1,86,480/- |

മേൽ തുക ഉപയോഗിച്ച് കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് നടത്തിയ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.16/17.10.2023). നൽകിയ തുക ഗുണഭോക്താക്കളായ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പ് വരുത്താത്തതിനാൽ ചെലവ് തുകയായ 1,86,480/- രൂപ തടസ്സപ്പെടുത്തുന്നു.

1-34 സ്കൂൾ വിദ്യാർത്ഥികൾക്ക് ആട്ടുവളർത്തൽ - പദ്ധതി നടത്തിപ്പിൽ അപാകതകൾ

(പ്രൊ.നം 145/23- നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജ്ജൻ)

അടങ്കൽ (തനത് ഫണ്ട് 300000 Vn.No.22201278/31.03.2023) & ഗുണഭോക്തൃ വിഹിതം സ്വയം വഹിക്കുന്നത് 150000/-)

പടന്ന ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 3 യു.പി സ്കൂളുകളിലെ 10 കുട്ടികൾക്ക് വീതം ഓരോ പെണ്ണാടിനെ വീതം നൽകുവാനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 100000/- രൂപ വീതം ചുവടെ ചേർത്ത സ്കൂൾ പ്രധാനാധ്യാപകരുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

| സ്കൂളിന്റെ പേര് | അക്കൗണ്ട് നം | തുക |
|---|---|---|
| AUPS ഉദിനൂർ സെൻട്രൽ | 67189738104 | 100000/- |
| AUPS എടച്ചാക്കൈ | 4041410003774 | 100000/- |
| GUPS പടന്ന | 40414101033069 | 100000/- |

പദ്ധതി നടത്തിപ്പിലും, രേഖകളുടെ സൂക്ഷിപ്പിലും ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

1) നൂതന പദ്ധതിയെന്നാണ് പ്രൊജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ സഉ (കൈ) നം.84/22/ തസ്വഭവ തിയതി 19.4.2022 ഖ.3.8.5 പ്രകാരം നൂതന പദ്ധതികളുടെ അംഗീകാരം നേടിയത് സാധൂകരിക്കുന്ന ഉത്തരവുകളോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല.

നൂതനമായ ആശയങ്ങൾ ,നവീന സാങ്കേതിക വിദ്യകൾ ,പുതിയ പ്രക്രിയകൾ , പുതിയ നിർവ്വഹണ രീതികൾ ,പുതിയ പങ്കാളിത്ത മാതൃകകൾ ,പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചുകൊണ്ടുള്ള വികസന പ്രൊജക്ടുകളെയാണ് നൂതന പ്രൊജക്ടുകൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് .അവയ്ക്ക് സാധാരണ പ്രൊജക്ട് അംഗീകാര രീതിയിൽ നിന്നും വ്യത്യസ്തമായി സബ്സിഡിയുൾപ്പെടെയുള്ള ഘടകങ്ങൾ പരിശോധിച്ച് അനുമതി നൽകുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും

നഗരസഭകൾക്കും വേണ്ടി ജില്ലാ ആസൂത്രണ സമിതി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗ രേഖയിൽ സൂചിപ്പിച്ച വിവിധ വിഷയങ്ങൾ പ്രൊജക്ട് വിഭാവനം ചെയ്തവരുമായി ചർച്ച ചെയ്ത് ഭേദഗതി ആവശ്യമെങ്കിൽ അവ കൂടി ഉൾപ്പെടുത്തി സാങ്കേതിക മികവുള്ള പ്രൊജക്ടുകളാണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നൽകുകയാണ് സമിതിയുടെ ചുമതല. നിർദ്ദേശിക്കപ്പെടുന്ന നൂതനാശയം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും നിർദ്ദേശിക്കപ്പെടുന്ന ചെലവും സബ്സിഡിയും നീതീകരിക്കുന്നതിനുള്ള യുക്തിയും മിനിട്സിൽ രേഖപ്പെടുത്തണം . എന്നാൽ ജില്ലാ തല വിദഗ്ധ സമിതിയിൽ നിന്നും ഇത്തരത്തിൽ പദ്ധതിയ്ക്ക് അംഗീകാരം നേടിക്കാണുന്നില്ല.

2) പ്രത്യേക പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ച് പൊതു മാർക്കറ്റിൽ നിന്നും ഉരുക്കളെ വാങ്ങണമെന്നാണ് പ്രൊജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ച് ആടുകളെ വാങ്ങിയതിന്റെയും കുട്ടികൾക്ക് കൈമാറിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറണം എന്ന സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. 3 സ്കൂളുകളിലെ പ്രധാനാധ്യപകർക്ക് ഓരോ ലക്ഷം രൂപ അനുവദിക്കുകയും അധ്യാപകർ ഓരോ സ്കൂളിലേയും തെരഞ്ഞെടുക്കപ്പെട്ട 10 കുട്ടികൾക്കുമായി 10000/-രൂപ വീതം കൈമാറുകയുമാണുണ്ടായത് (കൈപ്പറ്റ് രേഖകൾ പ്രകാരം). സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശം പാലിക്കാതെ കുട്ടികൾക്ക് നേരിട്ട് തുക കൈമാറുവാനുണ്ടായ കാരണം വ്യക്തമല്ല. സ്കൂളിന്റെ പേരും വിദ്യാർഥികളുടെ പേരും ചുവടെ ചേർക്കുന്നു.

| AUPS എടച്ചാക്കൈ | GUPS പടന്ന | AUPS ഉദിനൂർ സെൻട്രൽ |
|---|---|---|
| സമീഹ.ടി.പി | ആദിലക്ഷ്മി.കെ | ആദിനന്ദ്.കെ |
| അക്ഷയ്.കെ | അഭയദാസ്.പി | അക്ഷര ബിജു |
| ഷാമില.എം.ടി.പി | ഫിഡൽ അനീഷ് | സൂര്യ ദേവ്.ടി.വി |
| ഫാത്തിമ.എൻ.കെ | ഫാത്തിമത്ത് ഷിഫാന | അനുശ്രീ.വി.വി |
| സൂര്യദേവ് .കെ | ഹഫീഫ്.യു.കെ | ദേവർഷ് അനീഷ് |
| ആസിഫ്.ടി | ഫാത്തിമത്ത് നിദ | ശ്രീഹരി |
| മുനവ്വിർ.എം.ടി | ഫാത്തിമത്ത് സന.യു.കെ | മുഹമ്മദ് ആദിൽ |
| മുഹമ്മദ് സഹദ്.യു.കെ | മുഹമ്മദ് ഉവൈസ്.കെ | അനുഗ്രഹ |
| മുഹമ്മദ് സിനാൻ.എം.ടി | ദീക്ഷിത് രാജ്.സി | അനിരുദ്ധ് .വി.വി |
| ആദി ദേവ്.കെ | ഫാത്തിമത്ത് സനൈല.കെ | രാഹുൽ രാജ്.ഇ |

4) പദ്ധതി പ്രകാരം വാങ്ങിയ ആടുകളുടെ പ്രായം , ഗുണനിലവാരം എന്നിവ പരിശോധിച്ച് വെറ്റിനറി സർജ്ജൻ തയ്യാറാക്കിയ സാക്ഷ്യപത്രം , ഗുണഭോക്താക്കളുടെ അപേക്ഷ, വിലച്ചീട്ട്, ഇൻഷുറൻസ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ചില ഗുണഭോക്താക്കൾ ഇൻഷുറൻസ് തുക ഒടുക്കിയതിന്റെ രസീത് ബന്ധപ്പെട്ട ഫയലിൽ ഉണ്ടെങ്കിലും അവ ഏത് വിദ്യാർഥിയുടെ രക്ഷിതാവാണെന്നത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല.)

5) വിദ്യാർത്ഥികളുടെ പേര് വിവരം, ക്ലാസ്സ്, രക്ഷിതാവിന്റെ പേര് തുടങ്ങിയ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രധാനധ്യാപകർ നൽകിയ പട്ടിക ലഭ്യമാക്കിയിട്ടില്ല. (ജി.യു.പി.എസ് പടന്ന & എ.യു.പി.എസ് ഉദിനൂർ സെൻട്രൽ എന്നീ സ്കൂളുകളിൽ നിന്നുള്ളവ). കൂടാതെ സ്കൂളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികളുടെ പട്ടികയ്ക്ക് ഭരണ സമിതി അംഗീകാരം നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) കുട്ടികൾക്ക് ലഭിക്കുന്ന ആടുകൾ വലുതായി പ്രസവിക്കുമ്പോൾ ഒരു ആട്ടിൻകുട്ടിയെ സ്കൂളിൽ തിരികെ ഏൽപിക്കണമെന്ന് പ്രോജക്ട് റിപ്പോർട്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി രക്ഷിതാക്കളുമായി കരാറുടമ്പടി തയ്യാറാക്കിയിട്ടില്ല. കൂടാതെ വിദ്യാർത്ഥികൾ സ്കൂളിൽ തിരികെ ഏൽപിക്കുന്ന ആടിന്റെ തുടർ പരിപാലനം ഏത് രീതിയിൽ നിർവ്വഹിക്കും എന്നത് സംബന്ധിച്ച് പ്രൊജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് പ്രോജക്ടിൽ പരാമർശിച്ച പ്രകാരം ലഭിക്കുന്ന ആടുകൾ വലുതായി പ്രസവിക്കുമ്പോൾ ഒരു ആട്ടിൻകുട്ടിയെ സ്കൂളിൽ തിരികെ ഏൽപിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികളും, അവയുടെ തുടർ പരിപാലനം ഏത് രീതിയിൽ നിർവ്വഹിക്കും എന്നത് സംബന്ധിച്ച വ്യവസ്ഥകൾ തയ്യാറാക്കുവാൻ സ്വീകരിച്ച

നടപടികളും വിശദമാക്കേണ്ടതാണ്. ആടുകളുടെ പരിപാലനം വിദ്യാർഥികൾക്ക് മാത്രം നിർവ്വഹിക്കാൻ സാധിക്കുകയില്ല. രക്ഷിതാക്കളുടെ സഹായം ഇക്കാര്യത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിന് സ്വീകരിച്ച നടപടികളും വിശദമാക്കേണ്ടതാണ്.

7) പദ്ധതി അടങ്കലിൽ ഉൾപ്പെട്ട ഗുണഭോക്തൃ വിഹിതം (150000) വിനിയോഗിച്ചത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

8) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഭാഗീകമായി മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതുമൂലം വിദ്യാർഥികൾക്ക് ആടുകളെ വിതരണം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ആടുകളെ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത് സാധൂകരിക്കുന്ന മുഴുവൻ രേഖകളും (ബന്ധപ്പെട്ട സ്കൂൾ പ്രധാനാധ്യാപകരുടെ സാക്ഷ്യപത്രം സഹിതം) ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

9) സബ്സിഡി മാർഗ്ഗനിർദേശങ്ങൾ (സ.ഉ.(കൈ)നം.115/2022 തസ്വഭവ 28.05.2022) പ്രകാരം മൃഗസംരക്ഷണ മേഖല പദ്ധതികൾ പ്രകാരം വാങ്ങുന്ന ഉരുക്കളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. കാസറഗോഡ് ജില്ലയിലെ വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ യോഗത്തിന്റെ 17/06/2022 ലെ തീരുമാനപ്രകാരം, 6 മാസത്തിൽ കൂടുതൽ പ്രായമുള്ള സങ്കരയിനം ആടുകൾക്ക് നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റ് 8,000/- രൂപയാണ്. കറവയുള്ളവയുടേത് 15000/-രൂപയുമാണ്. പ്രൊജക്ട് റിപ്പോർട്ടിൽ പെണ്ണാടുകളെ വിദ്യാതഥികൾക്ക് വിതരണം ചെയ്യുന്നവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവ പ്രസവിച്ച ശേഷം ഒരു കുഞ്ഞിനെ സ്കൂളിൽ തിരികെ ഏൽപ്പിക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ നൂതന പദ്ധതിയെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ അംഗീകാരം നേടിയിട്ടുമില്ല. സ.ഉ.(കൈ)നം.115/2022 തസ്വഭവ 28.05.2022 പ്രകാരം വിദ്യാർത്ഥികൾക്ക് ആട് വിതരണം ചെയ്യുന്നതിന് ധനസഹായം നൽകുന്ന വിഷയം പരാമർശിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ മേൽ ഉത്തരവിലെ ഖണ്ഡിക 6.3 ലെ വ്യവസ്ഥകൾ പ്രകാരം ജില്ലാ തല സമിതി നിർണ്ണയിച്ച യൂണിറ്റ് നിരക്ക് (8000രൂപ) കണക്കാക്കി 50%സബ്സിഡി നിരക്കിൽ പരിമിതപ്പെടുത്തി വേണമായിരുന്നു തുക വിനിയോഗിക്കേണ്ടിയിരുന്നത്. ആയത് പാലിക്കാതെ തുക അനുവദിച്ചതിനാൽ 180000/- രൂപ (30x6000) പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/തിയതി.10.10.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല.

സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും ജില്ലാ തല യൂണിറ്റ് കോസ്റ്റിൽ പരിമിതപ്പെടുത്താതെയും തുക അനുവദിച്ചതുമൂലം അധികച്ചെലവ് വന്ന 180000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള രേഖകളും വിശദീകരണങ്ങളും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ പദ്ധതി ചെലവിലെ അവശേഷിച്ച തുക 1,20,000/-(3,00,000 – 1,80,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഖണ്ഡിക ഈ റിപ്പോർട്ടിലെ ഭാഗം മൂന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

### 1-35 ഹോമിയോ ഡിസ്പെൻസറി -മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ ഹോമിയോ
പടന്ന ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് (ഹോമിയോ) മരുന്നുകൾ വാങ്ങുന്നതിനായി പ്രൊജക്ട് നം 19/2022-23 പ്രകാരം സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 350000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നം.22200352023201332353 തി.12.03.2023). മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 103711/-രൂപയുടെ മരുന്നുകളേ ലഭ്യമായിട്ടുള്ളൂ (ഇൻവോയ്സ് നം.LF/1128/23.08.2023). അവശേഷിച്ച 246289/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഇൻവോയ്സും, സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ 246289/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചില്ല. അതുപോലെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെ സാമഗ്രികളുടെ തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി ഈടാക്കേണ്ടിയിരുന്ന തുക (₹) | ജി.എസ്.ടി. (2%) ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|---|
| 1 | പൊറോട്ട് പച്ചിനായി റോഡ് നിർമ്മാണം (വർക്ക് കോഡ് 291889) | FTO 970463 തീ: 08.12.2022 (₹ 97606/-)<br>FTO 970687 തീ: 08.12.2022 (₹ 113942/-) | 2,11,548/- | കുഞ്ഞികൃഷ്ണൻ.എം.വി | 2,115/- | 0 |
| 2 | ഇടക്കിപ്പാലം കുതിരുമ്മൽകോൺക്രീറ്റ് റോഡ് നിർമ്മാണം (വർക്ക് കോഡ് 308622) | FTO 04072022161851 തീ: 04.07.2022 | 1,94,410/- | കുഞ്ഞികൃഷ്ണൻ.എം.വി | 1,944/- | 0 |
| 3 | ടി.പി റോഡിൻ നിന്നും വി.പി ഇബ്രാഹിം വീട് വരെ റോഡ് കോൺക്രീറ്റിംഗ് (വർക്ക് കോഡ് 340040) | FTO 2906202216568 തീ: 29.06.2022 | 1,47,474/- | കുഞ്ഞികൃഷ്ണൻ.എം.വി | 1,475/- | 0 |
| 4 | അശോകൻ വീട മുതൽ കുറത്തിവളപ്പ് വരെ ലിങ്ക് റോഡ് ഫോർമേഷൻ (വർക്ക് കോഡ് 340040) | FTO 607202216262 തീ: 06.07.2022 | 1,04,801/- | കുഞ്ഞികൃഷ്ണൻ.എം.വി | 1,048/- | 0 |
| 5 | ഓരി പുല്ലൂർമാട് ഗുളികൻ റോഡ് സോളിംഗ് (വർക്ക് കോഡ് 340749) | FTO 8072022161036 തീ: 08.07.2022 | 97,419/- | കുഞ്ഞികൃഷ്ണൻ.എം.വി | 947/- | 0 |
| 6 | ഉദിനൂർ റെയിൽവേ ഗേറ്റ് മുതൽ വടക്കേകൊവ്വല് റോഡ് ഫോർമേഷൻ (വർക്ക് കോഡ് 340041) | FTO 209202216254 തീ: 02.09.2022 | 2,13,442/- | വിശാൽ.കെ | 2,134/- | 0 |
| 7 | ഉദിനൂർ തെക്കേപ്പുറം സൗത്ത് ഇസ്ലാമിയ സ്കൂൾ മുതൽ ജുമാഅത്ത്പള്ളിവരെ ഡ്രൈനേജ് നിർമ്മാണം (വർക്ക് കോഡ് | FTO 607202216611 തീ: 06.07.2022 | 3,29,846/- | കുഞ്ഞികൃഷ്ണൻ.എം.വി | 3,298/- | 6,596/- |

| | | | | | | |
|---|---|---|---|---|---|---|
| | 374867) | | | | | |
| 8 | പടന്ന ഹൈസ്കൂൾ പരിസരം ഇലക്ട്രിക്ക് ഓഫീസിനു മുൻവശം ഡ്രൈനേജ് നിർമ്മാണം (വർക്ക് കോഡ് 364569) | FTO 60720221682 തീ: 06.07.2022 | 192750/- | കുഞ്ഞികൃഷ്ണൻ.എം.വി | 1,928/- | 0 |
| | | | | ആകെ | 14,889/- | 6,596/- |

സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം 10 തീയതി 17.10.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആദായ നികുതി, ജി.എസ്.ടി. എന്നിവ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡ് റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത.

2022-23 സാമ്പത്തിക വർഷത്തിൽ ജിയോ ഫൈബർ ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനം പടന്ന ഗ്രാമപഞ്ചായത്തിലെ കൈപ്പാട് റോഡിൽ 200 മീറ്റർ ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ് ചെയ്യുന്നതിന് 19.12.2022 ൽ ROW/1054705/61755നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 100 മീറ്റർ ദൂരത്തിൽ Berm Cutting നടത്തുന്നതിനും 100 മീറ്റർ ദൂരത്തിൽ 20mm Chipping Carpet കട്ടിങ് ചെയ്യുന്നതിനുമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 2,12,333 രൂപ 31.03.2023 തീയ്യതിയിലെ 1220000495നമ്പർ രസീത് മുഖേന ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

റോഡുകളുടെ റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കുമ്പോൾ Berm Cutting-നുള്ള വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്നും, Chipping Carpet കട്ടിങ് ചെയ്യുന്നതിന് മിനിമം വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും PWD ചീഫ് എഞ്ചിനീയർ (റോഡ്സ്) 30.3.2019 ലെ NO:CE/R&B/GL-RC/2/2019, 24.9.2020 ലെ NO:CE/R&B/GL-RC/3/2018 നമ്പർ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ G.O.(Rt).No.1983/2021/LSGD തീ.13.10.2021 നമ്പർ ഉത്തരവ് പ്രകാരം Chipping Carpet കട്ടിങ് നടത്തുന്നതിന് ചതുരശ്ര മീറ്ററിന് 3179.04/m2 രൂപ നിരക്കിലാണ് ഇവിടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മേൽ അപേക്ഷ പ്രകാരം 200 മീറ്റർ നീളത്തിൽ 0.40 മീറ്റർx 1.5 മടങ്ങ് വീതിയിലും (0.60മീറ്റർ) കട്ട് ചെയ്യാനാണ് അനുമതി നൽകിയിട്ടുള്ളത്. Chipping Carpet കട്ട് ചെയ്യുന്നതിനുള്ള ഫീസ് കണക്കാക്കുന്നതിന് എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ. വീതി ട്രഞ്ച് കീറുന്നതിന്റെ മിനിമം ഒരു മീറ്ററായി കണക്കാക്കണമെന്ന നിബന്ധന പാലിക്കാതെ 0.60 മീറ്റർ വീതിയാണ് വിസ്തീർണം കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഈടാക്കിയ തുക | | ഈടാക്കേണ്ടിയിരുന്ന തുക | | കുറവ് |
|---|---|---|---|---|
| Road Restoration Charges Of 20mm Chipping Carpet.<br>100 X 0.4 X 1.5 = 60m2 Say @ 3179.04/m2= 190742.4 | 190742.4 | Road Restoration Charges Of 20mm Chipping Carpet.<br>100 X 1 = 100m2 Say @ 3179.04/m2= 317904 | 317904 | 1,27,161.6 |

| | | | | |
|---|---|---|---|---|
| Road Restoration Charges Of Berm Cutting. 100 X 0.4 X 1.5 = 60/m2 Say @ 359.85/m2 = 21591 | 21591 | Road Restoration Charges Of Berm Cutting. 100 X 0.4 X 1.5 = 60/m2 Say @ 359.85/m2 = 21591 | 21591 | 0 |
| ആകെ | 2,12,333.4 | 3,39,495 | | 1,27,161.6രൂപ @1,27,162രൂപ |

സ്വകാര്യ കമ്പനികളുടെ ഒ.എഫ്.സി. കേബിളുകൾക്ക് അനുമതി നൽകുന്ന സംഗതികളിൽ റോഡുകളുടെ കട്ടിംഗ് റിസ്റ്റോറേഷൻ ഫീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഈടാക്കേണ്ടതാണ്. മേൽ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-6തീയ്യതി 16-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാൻ കുറവ് വന്ന 1,27,162 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയരിൽ നിന്നും, റോഡ് കട്ടിംഗിന് അനുമതി നല്കിയ സെക്രട്ടറിയിൽ നിന്നും തുല്ല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കൂൾ വിദ്യാർത്ഥികൾക്ക് ആടുവളർത്തൽ- രേഖകൾ അപൂർണ്ണം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല-പദ്ധതി നടത്തിപ്പിൽ അപാകത

(പ്രൊ.നം 145/23- നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജ്ജൻ )

അടങ്കൽ (തനത് ഫണ്ട് 300000 Vn.No.22201278/31.03.2023) & ഗുണവിഹിതം സ്വയം വഹിക്കുന്നത് 150000/-)

പടന്ന ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 3 യു.പി സ്കൂളുകളിലെ 10 കുട്ടികൾക്ക് വീതം ഓരോ പെണ്ണാടിനെ വീതം നൽകുവാനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 100000/- രൂപ വീതം ചുവടെ ചേർത്ത സ്കൂൾ പ്രധാനാധ്യാപകരുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

| സ്കൂളിന്റെ പേര് | അക്കൗണ്ട് നം | തുക |
|---|---|---|
| AUPS ഉദിനൂർ സെൻട്രൽ | 67189738104 | 100000/- |
| AUPS എടച്ചാക്കൈ | 4041410003774 | 100000/- |
| GUPS പടന്ന | 40414101033069 | 100000/- |

പദ്ധതി നടത്തിപ്പിലും , രേഖകളുടെ സൂക്ഷിപ്പിലും ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

1) നൂതന പദ്ധതിയെന്നാണ് പ്രൊജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ സഉ (കൈ) നം.84/22/ തസ്വഭവ തിയതി 19.4.2022 ഖ.3.8.5 പ്രകാരം നൂതന പദ്ധതികളുടെ അംഗീകാരം നേടിയത് സാധൂകരിക്കുന്ന ഉത്തരവുകളോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല.

നൂതനമായ ആശയങ്ങൾ ,നവീന സാങ്കേതിക വിദ്യകൾ ,പുതിയ പ്രക്രിയകൾ , പുതിയ നിർവ്വഹണ രീതികൾ , പുതിയ പങ്കാളിത്ത മാതൃകകൾ , പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചുകൊണ്ടുള്ള വികസന പ്രൊജക്ടുകളെയാണ് നൂതന പ്രോജക്ടുകൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് . അവയ്ക്ക് സാധാരണ പ്രൊജക്ട് അംഗീകാര രീതിയിൽ നിന്നും വ്യത്യസ്തമായി സബ്സിഡിയുൾപ്പടെയുള്ള ഘടകങ്ങൾ പരിശോധിച്ച് അനുമതി നൽകുന്നതിന് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേണ്ടി ജില്ലാ ആസൂത്രണ സമിതി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗ രേഖയിൽ സൂചിപ്പിച്ച വിവിധ വിഷയങ്ങൾ പ്രൊജക്ട് വിഭാവനം ചെയ്തവരുമായി ചർച്ച ചെയ്ത് ഭേദഗതി

ആവശ്യമെങ്കിൽ അവ കൂടി ഉൾപ്പെടുത്തി സാങ്കേതിക മികവുള്ള പ്രോജക്ടുകളാണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നൽകുകയാണ് സമിതിയുടെ ചുമതല. നിർദ്ദേശിക്കപ്പെടുന്ന നൂതനാശയം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും നിർദ്ദേശിക്കപ്പെടുന്ന ചെലവും സബ്സിഡിയും നീതീകരിക്കുന്നതിനുള്ള യുക്തിയും മിനിട്സിൽ രേഖപ്പെടുത്തണം . എന്നാൽ ജില്ലാ തല വിദഗ്ധ സമിതിയിൽ നിന്നും ഇത്തരത്തിൽ പദ്ധതിയ്ക്ക് അംഗീകാരം നേടിക്കാണുന്നില്ല.

2) പ്രത്യേക പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ച് പൊതു മാർക്കറ്റിൽ നിന്നും ഉരുക്കളെ വാങ്ങണമെന്നാണ് പ്രൊജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ച് ആടുകളെ വാങ്ങിയതിന്റെയും കുട്ടികൾക്ക് കൈമാറിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറണം എന്ന സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. 3സ്കൂളുകളിലെ പ്രധാനാധ്യപകർക്ക് ഓരോ ലക്ഷം രൂപ അനുവദിക്കുകയും അധ്യാപകർ ഓരോ സ്കൂളിലേയും തെരഞ്ഞെടുക്കപ്പെട്ട 10 കുട്ടികൾക്കുമായി 10000/-രൂപ വീതം കൈമാറുകയുമാണുണ്ടായത് (കൈപ്പറ്റ് രേഖകൾ പ്രകാരം). സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശം പാലിക്കാതെ കുട്ടികൾക്ക് നേരിട്ട് തുക കൈമാറുവാനുണ്ടായ കാരണം വ്യക്തമല്ല. സ്കൂളിന്റെ പേരും വിദ്യാർഥികളുടെ പേരും ചുവടെ ചേർക്കുന്നു.

| AUPS എടച്ചാക്കൈ | GUPS പടന്ന | AUPS ഉദിനൂർ സെൻട്രൽ |
|---|---|---|
| സമീഹ.ടി.പി | ആദിലക്ഷ്മി.കെ | ആദിനന്ദ്.കെ |
| അക്ഷയ്.കെ | അഭയദാസ്.പി | അക്ഷര ബിജു |
| ഷാമില.എം.ടി.പി | ഫിഡൽ അനീഷ് | സൂര്യ ദേവ്.ടി.വി |
| ഫാത്തിമ.എൻ.കെ | ഫാത്തിമത്ത് ഷിഫാന | അനുശ്രീ.വി.വി |
| സൂര്യദേവ് .കെ | ഹഫീഫ്.യു.കെ | ദേവർഷ് അനീഷ് |
| ആസിഫ്.ടി | ഫാത്തിമത്ത് നിദ | ശ്രീഹരി |
| മുനവ്വിർ.എം.ടി | ഫാത്തിമത്ത് സന.യു.കെ | മുഹമ്മദ് ആദിൽ |
| മുഹമ്മദ് സഹദ്.യു.കെ | മുഹമ്മദ് ഉവൈസ്.കെ | അനുഗ്രഹ |
| മുഹമ്മദ് സിനാൻ.എം.ടി | ദീക്ഷിത് രാജ്.സി | അനിരുദ്ധ് .വി.വി |
| ആദി ദേവ്.കെ | ഫാത്തിമത്ത് സനൈല.കെ | രാഹുൽ രാജ്.ഇ |

4) പദ്ധതി പ്രകാരം വാങ്ങിയ ആടുകളുടെ പ്രായം , ഗുണനിലവാരം എന്നിവ പരിശോധിച്ച് വെറ്റിനറി സർജ്ജൻ തയ്യാറാക്കിയ സാക്ഷ്യപത്രം , ഗുണഭോക്താക്കളുടെ അപേക്ഷ, വിലച്ചീട്ട്, ഇൻഷ്വറൻസ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ചില ഗുണഭോക്താക്കൾ ഇൻഷ്വറൻസ് തുക ഒടുക്കിയതിന്റെ രസീത് ബന്ധപ്പെട്ട ഫയലിൽ ഉണ്ടെങ്കിലും അവ ഏത് വിദ്യാർഥിയുടെ രക്ഷിതാവാണെന്നത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല.)

5) വിദ്യർത്ഥികളുടെ പേര് വിവരം , ക്ലാസ്സ്, രക്ഷിതാവിന്റെ പേര് തുടങ്ങിയ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രധാനാധ്യാപകർ നൽകിയ പട്ടിക ലഭ്യമാക്കിയിട്ടില്ല. (ജി.യു.പി.എസ് പടന്ന & എ.യു.പി.എസ് ഉദിനൂർ സെൻട്രൽ എന്നീ സ്കൂളുകളിൽ നിന്നുള്ളവ). കൂടാതെ സ്കൂളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികളുടെ പട്ടികയ്ക്ക് ഭരണ സമിതി അംഗീകാരം നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) കുട്ടികൾക്ക് ലഭിക്കുന്ന ആടുകൾ വലുതായി പ്രസവിക്കുമ്പോൾ ഒരു ആട്ടിൻകുട്ടിയെ സ്കൂളിൽ തിരികെ ഏൽപിക്കണമെന്ന് പ്രൊജക്ട് റിപ്പോർട്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി രക്ഷിതാക്കളുമായി കരാറുടമ്പടി തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ വിദ്യാർത്ഥികൾ ആടുകളെ തിരികെ സ്കൂളുകൾക്ക് ലഭ്യമാക്കുമ്പോൾ തുടർന്ന് അവയുടെ സംരക്ഷണം ഏത് രീതിയിലായിരിക്കണമെന്നത് സംബന്ധിച്ച് പ്രൊജക്ട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ആടുകളുടെ പരിപാലനം വിദ്യാർഥികൾക്ക് മാത്രം നിർവ്വഹിക്കാൻ സാധിക്കുകയില്ല. രക്ഷിതാക്കളുടെ സഹായം ഇക്കാര്യത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിന് സ്വീകരിച്ച നടപടികളും വിശദമാക്കേണ്ടതാണ്.

7) പദ്ധതി അടങ്കലിൽ ഉൾപ്പെട്ട ഗുണഭോക്തൃ വിഹിതം (150000) വിനിയോഗിച്ചത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

8) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഭാഗികമായി മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതുമൂലം വിദ്യാർഥികൾക്ക് ആടുകളെ വിതരണം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ആടുകളെ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത് സാധൂകരിക്കുന്ന മുഴുവൻ രേഖകളും (ബന്ധപ്പെട്ട സ്കൂൾ പ്രധാനാധ്യാപകരുടെ സാക്ഷ്യപത്രം സഹിതം) ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

9) സബ്സിഡി മാർഗ്ഗനിർദേശങ്ങൾ (സ.ഉ.(കൈ)നം.115/2022 തസ്വഭവ 28.05.2022) പ്രകാരം മൃഗസംരക്ഷണ മേഖല പദ്ധതികൾ പ്രകാരം വാങ്ങുന്ന ഉരുക്കളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. കാസറഗോഡ് ജില്ലയിലെ വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ യോഗത്തിന്റെ 17/06/2022 ലെ തീരുമാനപ്രകാരം, 6 മാസത്തിൽ കൂടുതൽ പ്രായമുള്ള സങ്കരയിനം ആടുകൾക്ക് നിർണ്ണയിച്ച യൂണിറ്റ് കോസ്റ്റ് 8,000/- രൂപയാണ്. കറവയുള്ളവയുടേത് 15000/-രൂപയുമാണ്. പ്രൊജക്ട് റിപ്പോർട്ടിൽ പെണ്ണാടുകളെ വിദ്യാത്ഥികൾക്ക് വിതരണം ചെയ്യുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവ പ്രസവിച്ച ശേഷം ഒരു കുഞ്ഞിനെ സ്കൂളിൽ തിരികെ ഏൽപ്പിക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ നൂതന പദ്ധതിയെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ അംഗീകാരം നേടിയിട്ടുമില്ല. സ.ഉ.(കൈ)നം.115/2022 തസ്വഭവ 28.05.2022 പ്രകാരം വിദ്യാർത്ഥികൾക്ക് ആട് വിതരണം ചെയ്യുന്നതിന് ധനസഹായം നൽകുന്ന വിഷയം പരാമർശിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ മേൽ ഉത്തരവിലെ ഖണ്ഡിക 6.3 ലെ വ്യവസ്ഥകൾ പ്രകാരം ജില്ലാ തല സമിതി നിർണ്ണയിച്ച യൂണിറ്റ് നിരക്ക് (8000രൂപ) കണക്കാക്കി 50% സബ്സിഡി നിരക്കിൽ പരിമിതപ്പെടുത്തി വേണമായിരുന്നു തുക വിനിയോഗിക്കേണ്ടിയിരുന്നത്. ആയത് പാലിക്കാതെ തുക അനുവദിച്ചതിനാൽ 180000/- രൂപ (30x6000) പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/തിയതി.10.10.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല.

സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും ജില്ലാ തല യൂണിറ്റ് കോസ്റ്റിൽ പരിമിതപ്പെടുത്താതെയും തുക അനുവദിച്ചതുമൂലം അധികച്ചെലവ് വന്ന 180000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള രേഖകളും വിശദീകരണങ്ങളും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ പദ്ധതി ചെലവിലെ അവശേഷിച്ച തുക 1,20,000/-(3,00,000 – 1,80,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല-ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 79,498/- രൂപ അധികച്ചെലവ്

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 08/2023 |
| പ്രോജക്റ്റിന്റെ പേര് | റിംഗ് കമ്പോസ്റ്റ് 2022-23 |
| വകയിരുത്തൽ | വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) 10,12,500/- |
| | ഗുണഭോക്തൃ വിഹിതം 1,12,500/- |
| | തനത് ഫണ്ട് 600/- |
| ബിൽ നമ്പർ/തുക | 378/28.03.2023 - 7,94,976/-<br>വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഉദിനൂർ സർക്കിൾ) |

വീടുകളിൽ ഉറവിട ജൈവ മാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ് നൽകി പരിസര ശുചിത്വം കൈവരിക്കൽ എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത മേൽ പ്രോജക്റ്റ് പ്രകാരം 300 കുടുംബങ്ങൾക്ക് RAIDCO, കണ്ണൂർ എന്ന സ്ഥാപനം റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തിരുന്നു. RAIDCO യുടെ 28.03.2023 ലെ CHR/1120

/2022-2023 ഇൻവോയിസ് പ്രകാരം 7,94,976/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്റ്റിൽ ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല.

28.05.2022 ലെ സ ഉ (കൈ)നം.115/2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം കമ്പോസ്റ്റിംഗ് യൂണിറ്റിന് (ഗാർഹിക തലത്തിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം) 10 ശതമാനം ഗുണഭോക്തൃവിഹിതം അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം 29.10.2022 ലെ 1/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ച പ്രസ്തുത പദ്ധതിയിൽ 10 ശതമാനം ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ട 79,498/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.17/17.10.2023). ഗുണഭോക്തൃ വിഹിതമിനത്തിൽ ഒടുക്കേണ്ട തുക ഉൾപ്പടെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 79,498/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2022-23 | 09.10.2023 മുതൽ 10.10.2023 വരെ | ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1 , അനുബന്ധം 1 എന്നിവയിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്കിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 20000 | 123/23 അങ്കണവാടി പോഷകാഹാരം | 20000 | 0 |
| | 2022-23 | 148750 | 87/23-നെൽ കർഷകർക്ക് ധനസഹായം | 148750 | 0 |
| | 2022-23 | 100000 | 14/23 സാന്ത്വന പരിചരണം | 100000 | 0 |
| | 2022-23 | 320000 | 79/23 ലൈഫ് മിഷൻ ഭവനം SC | 320000 | 0 |
| | 2022-23 | 100000 | 61/23 ലൈഫ് മിഷൻ ഭവനം GEN | 100000 | 0 |
| | 2022-23 | 340113 | 23/23 ലൈഫ് മിഷൻ ഭവനം SC(SO) | 340113 | 0 |
| | 2022-23 | 357500 | 80/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് , ബത്ത | 357500 | 0 |
| | 2022-23 | 550000 | 70/23 പാലിന് സബ്സിഡി | 550000 | 0 |
| | 2022-23 | 7006 | 142/23 വിശപ്പ് രഹിത കേരളം | 7006 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 40000 | 123/23 അങ്കണവാടി പോഷകാഹാരം | 40000 | 0 |
| | 2022-23 | 124775 | 87/23-നെൽ കർഷകർക്ക് ധനസഹായം | 124775 | 0 |
| | 2022-23 | 20000 | 193/23- അതി ദാരിദ്ര്യം മൈക്രോ പ്ലാൻ | 20000 | 0 |
| | 2022-23 | 100000 | 14/23 സാന്ത്വന പരിചരണം | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 420000 | 79/23 ലൈഫ് മിഷൻ ഭവനം SC | 420000 | 0 |
| | 2022-23 | 120000 | 80/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് , ബത്ത | 120000 | 0 |
| | 2022-23 | 100000 | 70/23 പാലിന് സബ്സിഡി | 100000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/18 Dtd.18.05.2018, GO(MS)100/18 Dtd.30.07.2018, GO(MS)110/18 Dtd.13.08.2018 | 1,31,91,175 | 85,86,018+ 19,65,157തൻവർഷം) =1,05,51,175 | 22,33,124 | | 83,18,051 |

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 31.03.2022 ൽ വായ്പാ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക 99,51,018/- രൂപയാണെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ 2019-20 വർഷം മുതൽ വായ്പാതുക അക്കൗണ്ട് ചെയ്യുന്നതിൽ അപാകതയുണ്ടായിട്ടുണ്ട്, ആയത് ഈ റിപ്പോർട്ടിലെ ഭാഗം (1-1-4) ൽ പരാമർശിച്ചിട്ടുണ്ട്. വായ്പാ രജിസ്റ്ററിലെ കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികയിലെ അപാകത പരിഹരിക്കുന്നതിനു വേണ്ടി ലൈഫ് മിഷൻ അധികൃതരെ രേഖാമൂലം ബന്ധപ്പെട്ട് നാളിതുവരെ ലൈഫ് ഭവന പദ്ധതി വായ്പാ, സംസ്ഥാന വിഹിതം എന്നീയിനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കി ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ഭരണ സമിതി അംഗീകാരത്തോടെ വരുത്തേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 37,61,580 |
| തൻവർഷം നിക്ഷേപിച്ചത് | 2,53,908 |
| ആകെ | 40,15,488 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 40,15,488 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-3-2022)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി) | നിക്ഷേപിച്ച തിയതി (Renewel) | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പടന്ന എസ്.സി.ബി | 12.09.2022 | 12.09.2023 | 13,38,496 | രസീറ്റ്നം.1364 |
| 2 | പടന്ന എസ്.സി.ബി | 12.09.2022 | 12.09.2023 | 13,38,496 | രസീറ്റ്നം.1365 |
| 3 | പടന്ന എസ്.സി.ബി | 12.09.2022 | 12.09.2023 | 13,38,496 | രസീറ്റ്നം.1366 |
| ആകെ | | | | 40,15,488 | |

പടന്ന എസ്.സി.ബിയിലെ നിക്ഷേപത്തിന് 2,53,908/- രൂപ 2022-23 സാമ്പത്തിക വർഷം പലിശയിനത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. യഥാർത്ഥത്തിലുള്ള കണക്കാണ് മുകളിൽ കാണിച്ചിട്ടുള്ളത്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 41,159/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 | 30461/- | വഹീദ.എ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ | 1220100417/ തിയതി:17.09.2022 |
| 2018-19 | 3.3 | 10198/- | വഹീദ.എ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ | 1220100418/ തിയതി:17.09.2022 |
| 2015-16 | 3-3 | 500/- | ഷീല.പി.യു, അസി.സെക്രട്ടറി | 1220100449/ തിയതി:19.09.2022 |
| | | 41,159/- | | |

(ഹെഡ്ഡ്. നം: 190200401 Prior Period Incom – Other Income പ്രകാരം)

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 (Plan) | ഖ.32 | 2003-04 | 3-14-3-7 | പവർടില്ലർ വാങ്ങിയത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), 02.09.2021 ന് സിറ്റിംഗ് നടത്തി. 24.8.2021ന് എം.ഐ.പി സമർപ്പിച്ചു. പരാമർശം ഒഴിവാക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട്. സമിതി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2014-15 | 2014-15 ഖ.2-1,2-2, 2.6*, 2.7*, 2.8*, 2.9*, 2.10* | 2016-17 | അധ്യായം 1 അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. (2.6, 2.7, 2.8, 2.9, 2.10 എന്നീ ഖണ്ഡികകൾ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ടവയാണ്. തിരുത്തൽ പത്രിക പുറപ്പെടുവിക്കാൻ ഡയറക്ടറേറ്റിലേക്ക് അപേക്ഷിച്ചിട്ടുണ്ട്.) |
| 2015-16 | 2-4 | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| തദ്ദേശ സ്ഥാപനങ്ങളിലെ ഈ ഗവേൺസ് സംവിധാനം-പ്രത്യേക അവലോകന റിപ്പോർട്ട് 2017-18 | - | 2017-18 | 2-1 (പേജ് 307to 320 & 467 To 482) | സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള കമ്പ്യൂട്ടറുകൾ ഇല്ല | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല.

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,78,76,812/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,43,54,769/- |
| വരവിനങ്ങളിലുള്ള നഷ്ടം | 1,27,162/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,59,498/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,43,891/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,27,162/- | - | 63,581 രൂപ-രാജൻ.പി.പി, സെക്രട്ടറി |
| | | | 63,581 രൂപ- ശ്രീമതി.അനിത.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1 | - | 180,000/- | ഡോ.ശ്രീവിദ്യാ നമ്പ്യാർ.കെ, വെറ്റിനറി സർജ്ജൻ |
| 3-2 | - | 79,498/- | സുനിൽ കുമാർ,VEO(ഉദിനൂർസർക്കിൾ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 8,000/- | അജയൻ.എൻ.കെ , അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| 1-19 | 3,21,685/- | അജയൻ.എൻ.കെ , അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| 1-20 | 7,36,250/- | രാജൻ.പി.പി, സെക്രട്ടറി |
| 1-21 | 51,960/- | അജയൻ.എൻ.കെ , അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| | 24,120/- | ലതിക ചന്ദ്രൻ, സെക്രട്ടറി |
| | 39,600/- | രാജൻ.പി.പി, സെക്രട്ടറി |
| 1-22 | 1,77,000/- | അജയൻ.എൻ.കെ , അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| 1-23 | 95,964/- | രാജൻ.പി.പി, സെക്രട്ടറി |
| 1-24 | 2,00,000/- | രാജൻ.പി.പി, സെക്രട്ടറി |
| 1-29 | 1,34,960/- | സുനിൽ കുമാർ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദിനൂർ സർക്കിൾ) |

| | | |
|---|---|---|
| 1-30 | 16,720/- | രാജേഷ് .പി.പി,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദിനൂർ സർക്കിൾ) |
| | 36,375/- | സുനിൽ കുമാർ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദിനൂർ സർക്കിൾ) |
| 1-32 | 6,48,488/- | അജയൻ.എൻ.കെ , അസി.സെക്രട്ടറി |
| 1-33 | 1,86,480/- | രേവതി.പി, ഐ.സി.ഡി.എസ്, സൂപ്പർവൈസർ |
| 1-35 | 2,46,289/- | ഡോ.ശോഭ.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-34 | 1,20,000/- | ഡോ.ശ്രീവിദ്യാ നമ്പ്യാർ .കെ, വെറ്റിനറി സർജ്ജൻ |
| ആകെ | 30,43,891/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1-17 | 1600/- ആദായ നികുതി | അനിത.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-19 | 3,217/-ആദായ നികുതി | അജയൻ.എൻ.കെ , അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| 1-36 | 14,889/-ആദായ നികുതി | ₹10,640/-അജയൻ.എൻ.കെ , അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| | | ₹ 2,134/- ലതിക ചന്ദ്രൻ സെക്രട്ടറി |
| | | ₹ 2,115/- രാജൻ.പി.പി, സെക്രട്ടറി |
| | 6,596/- ജി.എസ്.ടി | ₹6,596/-അജയൻ.എൻ.കെ , അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജൻ.പി.പി, സെക്രട്ടറി | സെക്രട്ടറി, പടന്ന ഗ്രാമ പഞ്ചായത്ത് | പിലാവുള്ളപറമ്പിൽ , (വീട്) കുത്താളി.പി.ഒ,പേരാമ്പ്ര വഴി കോഴിക്കോട് ജില്ല. |
| ഡോ.ശ്രീവിദ്യാനമ്പ്യാർ.കെ, വെറ്റിനറി സർജ്ജൻ | വെറ്റിനറി സർജ്ജൻ, പടന്ന ഗ്രാമ പഞ്ചായത്ത് | ഗംഗോൽഹർ,പിലിക്കോട്, മട്ടളായി, പിലിക്കോട്. പി.ഒ, കാസറഗോഡ് ജില്ല.Pin-671310 |
| സുനിൽ കുമാർ, VEO (ഉദിനൂർ സർക്കിൾ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദിനൂർ സർക്കിൾ) | കിഴക്കേ വീട്, നിയർ കിത്തോ ആർട്സ് മാവിച്ചേരി, പയ്യന്നൂർ, കണ്ണൂർ ജില്ല. |
| ശ്രീമതി. അനിത.കെ, അസിസ്റ്റന്റ്എഞ്ചിനിയർ | AE, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് | W/o വിനോദ് കുമാർ,തോട്ടുകുളം (വീട്),പരവനടുക്കം പി.ഒ, കാസറഗോഡ് ജില്ല.Pin-671317 |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| Sl No | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1 | 1995-96 | കെ.എസ്.എ കെ.എസ്.ഡി-10/82/2022 | 3 |

| | | | |
|---|---|---|---|
| | | തീ.27.08.2022 | |
| 2 | 1997-98 | കെ.എസ്.എ-കെ.എസ്.ഡി-10/82/2022(1) തീ.27.08.2022 | 2 |
| 3 | 1998-99 | കെ.എസ്.എ-കെ.എസ്.ഡി-10/82/2022(2) തീ.27.08.2022 | 1 |
| 4 | 1999-00 | കെ.എസ്.എ-കെ.എസ്.ഡി-10/82/2022(3) തീ.27.08.2022 | 5 |
| 5 | 2000-01 | കെ.എസ്.എ-കെ.എസ്.ഡി-10/82/2022(4) തീ.27.08.2022 | 6 |
| 6 | 2001-02 (P) | കെ.എസ്.എ-കെ.എസ്.ഡി-10/82/2022(5) തീ.27.08.2022 | 2 |
| 7 | 2001-02 | കെ.എസ്.എ കെ.എസ്.ഡി-9/48/201(6) തീ.19.03.2016 | 2 |
| 8 | 2002-03 | കെ.എസ്.എ-കെ.എസ്.ഡി-10/82/2022(6) തീ.27.08.2022 | 1 |
| 9 | 2003-04 | കെ.എസ്.എ-കെ.എസ്.ഡി-10/82/2022(7) തീ.27.08.2022 | 2 |
| 10 | 2004-05 | കെ.എസ്.എ-കെ.എസ്.ഡി-9/48/2016(9) തീ.19.03.2016 | 3 |
| 11 | 2005-06 | കെ.എസ്.എ-കെ.എസ്.ഡി-10/82/2022(8) തീ.27.08.2022 | 2 |
| 12 | 2007-08 | കെ.എസ്.എ-കെ.എസ്.ഡി-10/120/22 (1) തീ.27.08.2022 | 2 |
| 13 | 2008-09 | കെ.എസ്.എ-കെ.എസ്.ഡി-10/120/22 (2) തീ.27.08.2022 | 2 |
| 14 | 2009-10 | കെ.എസ്.എ-കെ.എസ്.ഡി-10/120/22 (3) തീ.27.08.2022 | 2 |
| 15 | 2010-11 | കെ.എസ്.എ-കെ.എസ്.ഡി-10/120/22 (4) തീ.27.08.2022 | 2 |
| 16 | 2011-12 & 2012-13 | കെ.എസ്.എ-കെ.എസ്.ഡി-10/120/22 (5) തീ.27.08.2022 | 3 |
| 17 | 2013-14 | കെ.എസ്.എ-കെ.എസ്.ഡി-10/853/22 (2) തീ.24.09.2022 | 5 |
| 18 | 2014-15 | കെ.എസ്.എ-കെ.എസ്.ഡി-10/853/22 (3) തീ.24.09.2022 | 10 |
| 19 | 2015-16 | കെ.എസ്.എ-കെ.എസ്.ഡി-10/853/22 (4) തീ.24.09.2022 | 6 |
| 20 | 2016-17 | കെ.എസ്.എ-കെ.എസ്.ഡി-10/853/22 (5) തീ.24.09.2022 | 4 |
| 21 | 2017-18 | കെ.എസ്.എ-കെ.എസ്.ഡി-10/120/22 (8) തീ.27.08.2022 | 8 |
| 22 | 2018-19 | കെ.എസ്.എ-കെ.എസ്.ഡി-10/120/22 (9) തീ.27.08.2022 | 12 |
| 23 | 2019-20 | കെ.എസ്.എ-കെ.എസ്.ഡി-10/498/22 തീ.30.04.2022 | 11 |
| 24 | 2020-21 | കെ.എസ്.എ-കെ.എസ്.ഡി-10/501/2022 തീ.31.03.2022 | 16 |
| 25 | 2021-22 | കെ.എസ്.എ-കെ.എസ്.ഡി-10/1140/2022 തീ.11.01.2023 | 31 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 21-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Padne Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Padne Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director
District Office Kasaragod
Kerala State Audit Department

## Audit Report appended to the Audit Certificate of Padne Grama Panchayat for the Year 2022-2023.

**1.Major Observations**

a) Valuation of assets has not been done. The asset register has not been updated. There is no uptodate asset data base in the Panchayat. Hence, the accuracy of the assets reflected in the Balance Sheet could not be commented upon.

b) An amount of Rs 2,53,908 received as Interest from fixed deposit was not included in the concerned head of the annual financial statement.

**2.Other Observations**

a) Notes on accounts including significant accounting policies, contingent liabilities, financing reports and other disclosures etc., as per Rule 62 (e) of Kerala Panchayath Raj Accounts Rules 2011, are not prepared and included with the financial statements.

b) Basic ratios as per rule 62 (f) of Kerala Panchayath Raj Accounts Rules 2011 are not included.

c) The amount recorded as "Net increase in cash and cash equivalence" in the cash flow statement and the amount recorded as "Net cash generated by Operating+ Investing+Financing Activity" (A+B+C) in the same statement are not equal. Therefore, the total cash flow for the year in the cash flow statement does not match with the difference amount of opening and closing balance of the financial year.

d) Appropriation Control Register and Project Expenditure statement do not match in respect of

Development Fund- General.

e) Excess of income over expenditure- Error in carrying over to the balance sheet
According to Income and Expenditure Account for 2022-23, Excess of income over expenditure is Rs 34,07,748.But as per the balance sheet as on 31.03.2023, the amount carried over to the Panchayat General Fund is Rs.53,01,795.

f) Amounts paid as part bill during the audit year are not fully included in the balance sheet under the head capital work in progress (B-11(b).

Date: 09/11/2023

Deputy Director
District Audit Office, Kasaragod
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Padne Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6012852.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 1127292.00 |
| 150000000 | Sale & Hire Charges | I-5 | 1978494.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 135075054.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 362471.00 |
| 180000000 | Other Income | I-9 | 33658.00 |
| 190000000 | Prior Period Income | I-19 | 1853041.00 |
| | Total Income | | 144589821.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11966965.00 |
| 220000000 | Administrative Expenses | I-11 | 1304136.00 |
| 230000000 | Operations & Maintenance | I-12 | 2441920.00 |
| 240000000 | Interest & Finance Charges | I-13 | 1306.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7933510.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 27298519.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 903218.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 34131400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 56831942.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 110798.00 |
| | Total Expenditure | | 142923714.00 |
| | Gross Surplus / Deficit of income over Expenditure | | 1666107.00 |
| | Gross Surplus / Deficit of income over Expenditure | | 3407748.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -111400.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 1741641.00 |

Deputy Director
District Audit Office, Kasaragod
Kerala State Audit Department

## അനുബന്ധം -4

## രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Padne Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23341131.00 |
| Cash | Cash | RP-40(a) | 346357.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1008110.00 |
| 140000000 | Fees & User Charges | RP-4 | 975792.00 |
| 150000000 | Sale & Hire Charges | RP-5 | 1978494.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11082810.00 |
| 171000000 | Interest Earned | RP-9 | 362471.00 |
| 190000000 | Prior Period Income | RP-11 | 87013.00 |
| 311000000 | Earmarked Funds | RP-28 | 40510.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 24918770.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4710899.00 |
| 460000000 | Loans, Advances and Deposits | RP-49 | 6000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 856.00 |
| 330000000 | Secured Loans | RP-31 | 1965157.00 |
| 340000000 | Deposits Received | RP-33 | 49751.00 |
| 350000000 | Other Liabilities | RP-35 | 690179.00 |
| | Grand total | | 71564300.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 88350.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12877461.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 530628.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 80000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2866017.00 |
| 460000000 | Loans, Advances and Deposits | RP-49 | 367505.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 55525.00 |
| 350000000 | Other Liabilities | RP-35 | 37489281.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 17148080.00 |
| Cash | Cash | RP-40(b) | 61453.00 |
| | Grand Total | | 71564300.00 |

Deputy Director
District Audit Office, Kasaragod
Kerala State Audit Department

# അനുബന്ധം -5

## ബാലൻസ് ഷീറ്റ്

| Padne Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 9322026.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 60744.00 |
| 312000000 | Reserves | B-3 | 72198343.00 |
| | Total Reserve & Surplus | | 81581113.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7378399.00 |
| | Total Grants, Contributions for Specific Purposes | | 7378399.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9683051.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 9683051.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 321541.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2015050.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2336591.00 |
| | TOTAL LIABILITIES | | 100979154.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 10975374.00 |
| 412000000 | Capital Work in Progress | B-11(b) | 1629218.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 723657.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11679603.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 105765078.00 |
| 416000000 | Accumulated Depreciation | B-11(a) | -65005277.00 |
| | Total Fixed Assets | | 65767653.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 3761580.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 3761580.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3082198.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 8537894.00 |
| 450000000 | Cash and Bank Balance | B-17 | 17209533.00 |
| 460000000 | Loans, Advances and Deposits | B-18 | 2620296.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 31449921.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |

| | | | |
|---|---|---|---|
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure<br>(To the Extent not written off) | | 0.0 |
| | TOTAL ASSETS | | 100979154.00 |

Deputy Director
District Audit Office, Kasaragod
Kerala State Audit Department